
● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2026 ● മേയ് - ജൂൺ ● പുസ്തകം: 09 ● ലക്കം: 03 ● RNI Regn No: KERMAL/2017/73545



**പ്രൗഢഗംഭീരം:** താമരശ്ശേരി രൂപത റൂബി ജൂബിലി സമാപനം മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. മാർ അലക്സ് താരാമംഗലം, മാർ ജോസ് പൊരുന്നേടം, ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ, ഡോ. അലക്സ് വടക്കുംതല, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഡോ. ഡെന്നീസ് കുറുപ്പശ്ശേരി, മോൺ അബ്രഹാം വയലിൽ എന്നിവർ സമീപം

റൂബി ജൂബിലി വാർത്തകളും ചിത്രങ്ങളും - പേജ് 16-17

# 'നോ' പറയാം ലഹരിയോട്

കേരളത്തിലെ ലഹരി ഉപയോഗത്തിന്റെ ഭീതിദമായ മുഖത്തെക്കുറിച്ചും, കുടുംബങ്ങൾ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചും കോഴിക്കോട് ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ **ജിമ്മി ജോസഫ്** വിശദീകരിക്കുന്നു

മലയോര കുടിയേറ്റ ഗ്രാമത്തിലെ ഒരു സാധാരണ കുടുംബം. അപ്പനും അമ്മയും രണ്ട് പെൺമക്കളും. വീടും സ്ഥലവുമെല്ലാം ജപ്തിയുടെ നിഴലിലാണ്. ആകെ ബാക്കിയുള്ളത് പഠിക്കാൻ മിടുക്കിയായ മകളിലുള്ള പ്രതീക്ഷ മാത്രം. അവൾ പഠിച്ച് നല്ല നിലയിൽ എത്തിയാൽ തീരാവുന്നതേയുള്ളൂ ആ കുടുംബത്തിന്റെ കഷ്ടപ്പാടുകൾ.



ജിമ്മി ജോസഫ്

പക്ഷേ, ബെംഗളൂരുവിലെ കോളജ് വിദ്യാർത്ഥികളിൽ നിന്ന് എംഡിഎംഎ പിടിച്ചെടുത്ത ഒരു കേസിന്റെ അന്വേഷണം ആ പിതാവിന്റെയും കുടുംബത്തിന്റെയും സകല പ്രതീക്ഷകളെയും തല്ലിക്കെടുത്തി.

അന്വേഷണത്തിന്റെ ഭാഗമായി ഓഫീസിലേക്ക് വരുമ്പോൾ നാട്ടുകാർ അറിയാതിരിക്കാൻ മൂന്ന് കിലോമീറ്റർ മുൻപേ ടാക്സിയിൽ നിന്നിറങ്ങി ബസിൽ വരുന്ന ആ പിതാവിന്റെ കരുതൽ ഇന്നും എന്റെ മനസിനെ നോവിക്കുന്നു. മകൾ തെറ്റ് ചെയ്തില്ലെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. എന്നാൽ, കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വനിതാ സിഐമാർ ചോദ്യം ചെയ്തപ്പോൾ ആ മകൾ സത്യങ്ങൾ തുറന്നു പറഞ്ഞു. പ്രണയത്തിൽ തുടങ്ങി, ലഹരിക്ക് അടിമയായി, ഒടുവിൽ പഠനവും ജീവിതവും തകർന്നുപോയ കഥ. ലക്ഷങ്ങൾ സെമസ്റ്റർ ഫീസായി ആ പിതാവ് എവിടെ നിന്നോ കടം വാങ്ങി നൽകിയപ്പോൾ, അവൾ പരീക്ഷ പോലും എഴുതാതെ ലഹരിയിൽ മയങ്ങിക്കിടക്കുകയായിരുന്നു. ഇതിനിടയിൽ രണ്ടുതവണ അബോർഷനും വിധേയയായി.

കർട്ടന് പിന്നിലിരുന്ന് മകളുടെ ഈ കുറ്റസമ്മതം കേട്ട ആ പിതാവിന്റെ കണ്ണുനീർ, ലഹരി എന്ന വിപത്ത് കേരളത്തിലെ കുടുംബങ്ങളെ എങ്ങനെ തകർക്കുന്നു എന്നതിന്റെ നേർച്ചിത്രമാണ്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല; ലഹരിയുടെ കരാളഹസ്തങ്ങളിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന നൂറുകണക്കിന് കുടുംബങ്ങളുടെ പ്രതിനിധിയാണ് ആ പിതാവ്.

## കഞ്ചാവിൽ നിന്ന് രാസലഹരിയിലേക്ക്

കാലം മാറുന്നതിനനുസരിച്ച് ലഹരിയുടെ സ്വഭാവത്തിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികാസം മയക്കുമരുന്നുകളുടെ നിർമാണത്തെയും സ്വാധീനിച്ചു. പത്ത് വർഷം മുൻപ് കഞ്ചാവിനായിരുന്നു ആവശ്യക്കാർ കൂടുതലെങ്കിൽ ഇന്ന് വിപണി കീഴടക്കുന്നത് രാസലഹരികളാണ്. മദ്യത്തിന്റെ ഗന്ധം പിടിക്കപ്പെടാൻ സാധ്യത കൂട്ടിയപ്പോൾ പലരും കഞ്ചാവിലേക്ക് മാറി. എന്നാൽ കഞ്ചാവിനേക്കാൾ അപകടകാരിയും ഉപയോഗിക്കാൻ എളുപ്പവുമാണ് എംഡിഎംഎ പോലുള്ള രാസലഹരികൾ.

പേജ് മൂന്നിൽ തുടരുന്നു ▸

ജിമ്മി ജോസഫുമായുള്ള അഭിമുഖം കാണുവാൻ QR കോഡ് സ്കാൻ ചെയ്യൂ



## എഡിറ്റോറിയൽ

●പുസ്തകം: 9 ●ലക്കം: 3

# ലഹരിക്കെതിരെ കൈകോർക്കാം

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക ഭദ്രതയെ പിടിച്ചുലയ്ക്കുന്ന മഹാമാരിയായി മാറിയിരിക്കുന്നു ലഹരി ഉപയോഗം. കലാലയങ്ങൾ മുതൽ തൊഴിലിടങ്ങൾ വരെ ലഹരി മാഫിയയുടെ കരിനിഴലിലാണ്. മലയോര മേഖലകളിൽ ഇതിന്റെ വിപത്ത് ഭയാനകമാണ്. അത് വ്യക്തികളുടെയും കുടുംബങ്ങളുടെയും തകർച്ചയ്ക്കും അതുവഴി വരുംതലമുറയുടെ നാശത്തിനും കാരണമാകുന്നു.

ലഹരി ഉപയോഗം മൂലമുണ്ടാകുന്ന സാമൂഹിക-സാമ്പത്തിക തകർച്ച ഭയാനകമാണ്. കുറ്റകൃത്യങ്ങളുടെ വർദ്ധനവ്, തകരുന്ന ദാമ്പത്യബന്ധങ്ങൾ, വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ, കൊലപാതകങ്ങൾ, അക്രമങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഉപോൽപ്പന്നങ്ങളാണ്. ലഹരിക്ക് അടിമയാകുന്ന ഒരു വ്യക്തി തന്റെ കുടുംബത്തിന്റെ സ്വപ്നങ്ങളെയും സമ്പാദ്യത്തെയുമാണ് തച്ചുടയ്ക്കുന്നത്. ഇത് നാടിന്റെ സമൂഹിക-സാമ്പത്തിക-സാംസ്കാരിക തകർച്ചയ്ക്ക് വഴിതെളിക്കും.

മയക്കുമരുന്ന് വ്യാപാരികളെ 'മരണത്തിന്റെ വ്യാപാരികൾ' എന്നാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിച്ചത്. കേവലം ശിക്ഷാനടപടികൾ കൊണ്ട് മാത്രം ഈ വിപത്തിനെ തടയാനാവില്ലെന്ന് സഭ ഓർമ്മിപ്പിക്കുന്നു. സ്നേഹശൂന്യമായ കുടുംബസാഹചര്യങ്ങളും ആത്മീയ പാപ്പരത്തവും തൊഴിലില്ലായ്മയുമാണ് യുവാക്കളെ ലഹരിയുടെ വഴികളിലേക്ക് എത്തിക്കുന്നത്.

'നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്.' നമ്മുടെ ശരീരം ദേവാലയമാണെന്നും അതിനെ പരിപാവനമായി കാത്തുസൂക്ഷിക്കാൻ നമുക്ക് കടമയുണ്ടടെന്നും പൗലോസ് ശ്ലീഹ നമ്മെ ഓർമിപ്പിക്കുന്നു. സുബോധത്തോടെ ജീവിക്കണമെന്നും പിശാചിന്റെ കെണികളിൽ വീഴരുതെന്നും പത്രോസ് ശ്ലീഹാ നൽകുന്ന മുന്നറിയിപ്പ് (1 പത്രോസ് 5:8) നമുക്ക് പാഠമാകണം.

ലഹരി വിമുക്ത കേരളം കെട്ടിപ്പടുക്കാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ഇടവകകൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണങ്ങളും കൗൺസലിങ് സംവിധാനങ്ങളും കൂടുതൽ ഊർജ്ജിതമാക്കാം. നമ്മുടെ മക്കൾ തെറ്റായ വഴികളിലേക്ക് സഞ്ചരിക്കുമ്പോൾ അത് തടയാനും അവരെ സ്നേഹത്തോടെ ചേർത്തുനിർത്താനും മാതാപിതാക്കൾക്ക് സാധിക്കണം. ലഹരിയുടെ ഇരുളിൽ നിന്ന് പ്രകാശത്തിന്റെ പാതയിലേക്ക് നമ്മുടെ യുവതലമുറയെ നയിക്കാൻ നമുക്ക് സാധിക്കണം. ആരോഗ്യമുള്ള ഒരു തലമുറയാണ് നാളെയുടെ കരുത്ത്.

# ക്രിസ്തു യുവതയുടെ ലഹരി

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

കേരളത്തിൽ മയക്കുമരുന്നുകളുടെ ഉപയോഗം സർവകാല റെക്കോഡും ഭേദിച്ച് കുതിച്ചുയരുകയാണ്. കലാലയങ്ങളിലും കുടുംബ സാമൂഹിക ഒത്തുചേരലുകളിലും ലഹരി ഉപയോഗം വർദ്ധിച്ചു വരുന്നു. പെൺകുട്ടികളുടെയിടയിൽ പോലും ലഹരി ഉപയോഗം വർധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുപ്രായത്തിൽ, സ്കൂൾതലം മുതൽ കുട്ടികൾ ലഹരി ഉപയോഗിക്കുന്നത് അവരുടെ ശാരീരിക മാനസിക ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. അവരുടെ ബുദ്ധി വികാസത്തെയും സ്വഭാവ രൂപീകരണത്തെയും ഇത് തടസപ്പെടുത്തുന്നു. നമ്മുടെ കലാലയങ്ങളിൽ സമീപകാലങ്ങളിൽ അരങ്ങേറിയ സംഘർഷങ്ങളുടെയെല്ലാം പിന്നിലെ വില്ലൻ 'ലഹരി' ആയിരുന്നു എന്ന് നമുക്കറിയാം.

ചെറുപ്രായത്തിൽ തന്നെ കുട്ടികൾ ലഹരിക്ക് അടിമകളാകുമ്പോൾ അവരിൽ ആകുലത, വിഷാദ രോഗം, മനോവിഭ്രാന്തി തുടങ്ങിയ മാനസ്സിക വൈകല്യങ്ങൾ ഉടലെടുക്കും. ഇത് കുട്ടികളുടെ സ്വഭാവ രൂപീകരണത്തെയും വൈജ്ഞാനിക തൃഷ്ണയേയും കാര്യമായി സ്വാധീനിക്കും. പഠനത്തിലും സ്വഭാവ രൂപീകരണത്തിലും പിന്നാക്കാവസ്ഥയിലാകുമ്പോൾ സമൂഹത്തിൽ അവരുടെ നിലനിൽപ്പ് പ്രതിസന്ധിയിലാകും.

സഭയുടെയും സമൂഹത്തിന്റെയും ഭാവി വളർന്നുവരുന്ന യുവജനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അവർ വിശ്വാസ ധാർമിക മൂല്യങ്ങളിൽ അടിയുറച്ചു വളരുമ്പോഴാണ് നമ്മുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക മേഖലകൾ ക്രൈസ്തവ സാക്ഷ്യത്തിന്റെ ജീവസ്സുറ്റ അടയാളങ്ങളായി മാറുന്നത്.

ജീവിതത്തിൽ ചില 'ലഹരികൾ' നമുക്ക് ആവശ്യമാണ്. ക്രിസ്തുവിന് 'പിതാവിന്റെ സ്നേഹം' തന്റെ പ്രവർത്തനത്തിനുള്ള വലിയ ഊർജമായിരുന്നു; ലഹരിയായിരുന്നു. അതിനാൽ തന്റെ മക്കൾക്കു വേണ്ടി, സഭയ്ക്കുവേണ്ടി പീഡ സഹിക്കാനും കുരിശു മരണം വരിക്കാനും അവിടുത്തേക്കു കഴിഞ്ഞു. സഭയിലെ വിശുദ്ധർക്ക് ക്രിസ്തുവിന്റെ സ്നേഹം ലഹരിയായിരുന്നു. മദർ തെരേസയും ഫാ. ഡാമിയനുമൊക്കെ പാവങ്ങൾക്കുവേണ്ടി സഹിക്കാനും മരിക്കാനും തയ്യാറായത് ക്രിസ്തുവാകുന്ന സ്നേഹത്തിന്റെ ലഹരി അവരുടെ ഹൃദയത്തെ മത്തുപിടിപ്പിച്ചതുകൊണ്ടാണ്. ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹമെന്ന ലഹരിയാണ് സഭയിലെ വിശുദ്ധരെ വിശുദ്ധിയുടെ ഔന്നത്യത്തിലേക്ക് ഉയർത്തിയത്.

വളർന്നു വരുന്ന നമ്മുടെ കുഞ്ഞുങ്ങളെ മാറോടു ചേർത്തുപിടിച്ച് വളർത്താൻ വീടുകളിൽ മാതാപിതാക്കൾക്കും കലാലയങ്ങളിൽ അധ്യാപകർക്കും ഇടവകകളിൽ വൈദികർക്കും കഴിയണം. കാരണം സഭയുടെയും സമൂഹത്തിന്റെയും ഭാവി നിർണയിക്കുന്നത് വളർന്നു വരുന്ന നമ്മുടെ കുഞ്ഞുങ്ങളാണ്. അവരെ ആത്മീയ ധാർമിക മൂല്യങ്ങളിൽ കരുത്തുറ്റവരാക്കി വളർത്തുമ്പോഴാണ് സഭയ്ക്ക് വളർച്ചയുണ്ടാകുന്നത്. യുവജനങ്ങളെ പള്ളികളിൽ ഒരുമിച്ച് ചേർക്കാനും ചർച്ചകൾക്കും പഠനങ്ങൾക്കും അവസരമൊരുക്കാനും കഴിഞ്ഞാൽ അവർ എന്നും സഭയോടു ചേർന്നു നിൽക്കും. അല്ലാത്തപക്ഷം ഒത്തുചേരലുകൾക്കായി അവർ മറ്റു മാർഗങ്ങൾ തേടും. അത് അവരെ തെറ്റായ കൂട്ടുകെട്ടുകളിലെത്തിക്കും. അത്തരം കൂട്ടുകെട്ടുകൾ ലഹരി ഉപയോഗത്തിനും മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾക്കും അവർക്ക് പ്രേരണ നൽകും. പാപത്തെ വെറുക്കാനും പാപിയെ സ്നേഹിക്കാനുമാണല്ലോ കർത്താവ് നമ്മെ പഠിപ്പിച്ചത്. അതിനാൽ നമ്മുടെ കുഞ്ഞുങ്ങളുടെ തെറ്റായ പ്രവണതകളെ മുളയിലേ നുള്ളി അവരെ നന്മയുടെ കരുത്തുറ്റ വാഹകരാക്കാൻ നമുക്ക് പരിശ്രമിക്കാം.

# മാധ്യമവനത്തിലെ ഏകാന്തയാത്ര

## അകം പുറം



കെ.എഫ്. ജോർജ്



മാധ്യമവനത്തിലേക്കാണ് ഓരോ ദിവസവും കണ്ണു തുറക്കുന്നത്. പത്രവും ടിവിയും അവരുടെ രീതിയിലുള്ള വിശേഷങ്ങളും വിവരണങ്ങളും വിളമ്പുന്നു. വാർത്തകളും കമന്റുകളും റീലുകളും വീഡിയോകളും ഫോണിൽ കവിഞ്ഞൊഴുകുന്നു. ഫോൺ തുറന്നിടത്തുനിന്ന് മറ്റെവിടെയോ ചെന്ന് അവസാനിക്കുന്ന അവസ്ഥ. ഇതിനായി ചെലവഴിക്കുന്നതോ നമ്മുടെ വിലയേറിയ സമയവും. സ്വയം നിയന്ത്രിച്ചുകൂടേ എന്ന പരിഹാരമാർഗം പലപ്പോഴും പ്രായോഗികമാകണമെന്നില്ല. മുനുഷ്യനെ വലിച്ചിടുന്ന ആകർഷണ വലയാണിത്.

അമ്പതു വർഷം മുമ്പ് ഒരു പത്രം വായിക്കുകയെന്നതായിരുന്നു ശീലം. ആറോ എട്ടോ പേജു മാത്രമുള്ള ദിനപത്രത്തിൽ ലോകവാർത്തകളും രാജ്യവാർത്തകളും പ്രാദേശിക വിഷയങ്ങളുമെല്ലാം ഒതുക്കണം. അതിനാൽ പത്രപ്രവർത്തകർ വാർത്ത നന്നായി എഡിറ്റ് ചെയ്ത് മുറുക്കും. സഭ്യേതര വാക്കുകൾ പ്രയോഗിക്കുകയോ സമുദായ വൈര്യത്തിന് വഴിമരുന്നിടുന്ന വാർത്തകൾ കൊടുക്കുകയോ ചെയ്യരുതെന്ന് പത്രമുതലാളിമാർ എഡിറ്റർമാർക്ക് കർശന നിർദേശം നൽകുകയും ചെയ്തിരുന്നു. റേഡിയോയും ടിവിയും ഇടവേളകളിൽ വാർത്തകൾ നൽകിയിരുന്നു. ടിവി മേഖലയിൽ സ്വകാര്യ ചാനലുകൾ വന്നതോടെ ഈ അച്ചടക്കം കുറേശ്ശെ ചോർന്നു തുടങ്ങി.

മൊബൈലും സമൂഹമാധ്യമങ്ങളും സജീവമായതോടെ ഈ നിയന്ത്രണങ്ങളെല്ലാം പഴങ്കഥകളായി. ആർക്കും മാധ്യമപ്രവർത്തകരാകാം, എന്തും പറയാം, ഏതു തെറിവാക്കും ഉപയോഗിക്കാം. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാർ കാര്യങ്ങൾ തീരുമാനിക്കുന്നു. കഴിഞ്ഞ ഫെബ്രുവരി ഒമ്പതിന് ഇൻഫ്ളുവൻസറായ ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തു. ഫെബ്രുവരി 15ന് അവളുടെ കൂട്ടുകാരനും ജീവനൊടുക്കി.

ജനുവരി 18 ന് ബസിൽ പീഡനം ആരോപിച്ച് ഒരു പെൺകുട്ടി തയ്യാറാക്കിയ വൈറൽ വീഡിയോയെ തുടർന്ന് ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തു.

പരസ്യങ്ങളും സമകാലീന ജീവിതത്തെ അഗാധമായി സ്വാധീനിക്കുന്നു. അസംതൃപ്തിയുടെ സമർത്ഥമായ വിൽപ്പനയാണ് പരസ്യങ്ങളുടെ വിജയ മന്ത്രം. ഇപ്പോഴത്തെ ജീവിതവും ചില പ്രത്യേക ഉൽപ്പന്നങ്ങൾ ഉപയോഗിച്ചാലുള്ള സന്തോഷകരമായ ജീവിതവും തമ്മിലുള്ള താരതമ്യം ഉപഭോക്താവിന്റെ മനസിൽ ഉണർത്തിയാൽ പരസ്യം ക്ലിക്ക് ചെയ്യും. സാമൂഹിക വൈകാരിക ബന്ധങ്ങൾക്കും ഉന്നതിക്കുമായി ഉപഭോക്താവ് ആ ഉൽപ്പന്നം വാങ്ങുകയും ചെയ്യും.

പണ്ട് പത്രങ്ങളിൽ ഒന്നാം പേജിൽ കാൽ പേജിൽ താഴെ വലുപ്പത്തിലേ പരസ്യങ്ങൾ കൊടുത്തിരുന്നുള്ളൂ. ഇപ്പോൾ പല ഒന്നാം പേജുകളും മുഴുനീള പരസ്യങ്ങളാണ്. അല്ലെങ്കിൽ വാർത്തപോലെ പരസ്യം കൊടുത്ത് അടിയിൽ എവിടെയെങ്കിലും മാർക്കറ്റിങ് ഫീച്ചർ എന്നോ പരസ്യം എന്നോ ചെറുതായി കൊടുത്ത് കടമ തീർക്കുന്നു.

സമൂഹമാധ്യമങ്ങൾ സമകാലീന ജീവിതത്തെ അഗാധമായി സ്വാധീനിക്കുന്നു. ഇവയോടുള്ള ആസക്തി അതിരുകടക്കുമ്പോൾ വൈകാരിക പ്രതികരണങ്ങളെ സ്വാധീനിക്കുകയും മാനസികാരോഗ്യത്തിന് ഭീഷണിയാകുകയും ചെയ്യുന്നു. വിവിധ ജോലികൾ ഒരേ സമയം ചെയ്യാനുള്ള കഴിവ് കൂടുമെങ്കിലും ഏകാഗ്രതാശേഷി കുറയും. സന്തോഷ ഹോർമോണായ ഡോപ്പമിൻ ഉദ്ദീപിപ്പിക്കപ്പെട്ട് അതു നേടാൻ രാസലഹരികളിൽ ആശ്രയം തേടും. കൗമാരക്കാരുടെയും ചെറുപ്പക്കാരുടെയും പല അക്രമ സംഭവങ്ങൾക്കു പിന്നിലും ഇത്തരം പ്രേരണകളുണ്ട്. ഇത്തരം ദുരന്തങ്ങളെ നേരിടാൻ ജാഗ്രത പുലർത്തുക എന്ന ഉപദേശമാണ് ആദ്യം മുതൽ കേൾക്കുന്നത്. വളരെ വിശാലമായ അർത്ഥമാണ് ഈ ജാഗ്രതയ്ക്കുള്ളത്. വിവിധ തലങ്ങളിൽ പ്രായോഗികമായി ഇത് നടപ്പാക്കിയാൽ മാത്രമേ വളരെ അപകടകരമായ ഈ മാരക വിപത്തിനെ ചെറുക്കാൻ കഴിയുകയുള്ളൂ.

# കുടുംബമാകണം ലഹരി

മക്കൾ ലഹരി ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് തിരുത്താനുള്ള ആർജവം മാതാപിതാക്കൾക്കുണ്ടാകണം. അതിന് രക്ഷിതാക്കൾ ആദ്യം ലഹരിയിൽ നിന്ന് അകന്നു നിൽക്കണം

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

ഒരിക്കൽ ഉപയോഗിച്ചാൽ 48 മണിക്കൂറോളം അതിന്റെ ലഹരി നീണ്ടുനിൽക്കും. ഉപയോഗിച്ചാൽ പെട്ടെന്ന് തിരിച്ചറിയാൻ കഴിയില്ല എന്നതും ഇതിലേക്ക് യുവാക്കളെ ആകർഷിക്കുന്നു. ഇന്നത്തെ ആഘോഷങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഡിജെ പാർട്ടികളിൽ മണിക്കൂറുകളോളം നിർത്താതെ നൃത്തം ചെയ്യാൻ ആവശ്യമായ എനർജി ലഭിക്കുന്നത് ഇത്തരം രാസലഹരികളിൽ നിന്നാണ്.

## 'സ്പൂൺ ഫീഡിങ്' അപകടം

പഴയകാലത്തെ വലിയ കുടുംബങ്ങളിൽ കുട്ടികൾ വീട്ടുജോലികളിൽ പങ്കാളികളായിരുന്നു. വീട്ടിലെ മുതിർന്നവർക്ക് ചെറിയ കുട്ടികളുടെ കാര്യങ്ങളിൽ ഉത്തരവാദിത്തമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ചെറിയ കുടുംബങ്ങളിൽ കുട്ടികളെ 'സ്പൂൺ ഫീഡ്' ചെയ്താണ് വളർത്തുന്നത്. പ്ലസ്ടു വരെ യാതൊരു ബുദ്ധിമുട്ടും അറിയിക്കാതെ, ചോദിക്കുന്നതെല്ലാം വാങ്ങി നൽകി അവരെ നാം സുരക്ഷിതരാക്കുന്നു. പിന്നീട് ഉപരിപഠനത്തിനായി മഹാനഗരങ്ങളിലേക്ക് അയയ്ക്കുമ്പോൾ അവർക്ക് പെട്ടെന്ന് സർവസ്വാതന്ത്ര്യം ലഭിക്കുകയാണ്. അവിടെ അനുഭവിക്കുന്ന ഒറ്റപ്പെടലും സാമ്പത്തിക സമ്മർദ്ദങ്ങളും ആ നഗരത്തിന്റെ രീതികളോടുള്ള പൊരുത്തപ്പെടലും അവരെ ലഹരിയുടെ വഴിയിലേക്ക് എത്തിക്കുന്നു.

## പ്രതിരോധം കുടുംബങ്ങളിൽ

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ തടയാൻ നിയമവ്യവസ്ഥയേക്കാൾ കൂടുതൽ കുടുംബങ്ങൾക്ക് സാധിക്കും. മക്കൾ ലഹരി ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് തിരുത്താനുള്ള ആർജവം മാതാപിതാക്കൾക്കുണ്ടാകണം. അതിന് രക്ഷിതാക്കൾ ആദ്യം ലഹരിയിൽ നിന്ന് അകന്നു നിൽക്കണം. കഞ്ചാവ് കേസിൽ പിടിക്കപ്പെട്ട ഒരു കുട്ടി, തന്റെ അച്ഛൻ സ്ഥിരമായി വലിച്ചിരുന്ന ബീഡി കഞ്ചാവാണെന്ന് അറിയാതെ ഒരു കൗതുകത്തിന് വലിച്ചു തുടങ്ങിയതാണ്. അത് പിന്നീട് ശീലമായി. കൂട്ടുകാർക്കും നൽകി തുടങ്ങി. പിന്നീട് അവനും രണ്ടു സുഹൃത്തുക്കളും എക്സൈസിന്റെ പിടിയിലായി. ഒരു രക്ഷിതാവിന്റെ ദുശീലം തകർത്തത് മൂന്ന് കുടുംബങ്ങളുടെ സമാധാനമാണ്.

സോഷ്യൽ മീഡിയയും സ്മാർട്ട് ഫോണുകളും ലഹരി വ്യാപനത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ആശയവിനിമയത്തിന് ഉപയോഗിക്കേണ്ട ഫോൺ ഇന്ന് ലഹരി മാഫിയയുടെ കൈയിലെ പ്രധാന ആയുധമാണ്.

## ചേർത്തുപിടിക്കുക

കുട്ടികൾ ലഹരി ഉപയോഗിക്കുന്നുണ്ടെന്ന് അറിഞ്ഞാൽ അത് മൂടിവയ്ക്കാനല്ല അധ്യാപകരും രക്ഷിതാക്കളും ശ്രമിക്കേണ്ടത്. മറിച്ച്, അത് അംഗീകരിച്ച് അതിന്റെ കാരണങ്ങൾ കണ്ടെത്തുകയാണ് വേണ്ടത്. ലഹരി ഉപയോഗിക്കുന്ന കുട്ടികളുടെ കണക്കെടു



ത്താൽ അതിൽ 60 ശതമാനവും കുടുംബ പ്രശ്നങ്ങളിൽ നിന്നാണ് തുടങ്ങുന്നത്. ഒരിക്കൽ ലഹരിക്കെണിയിൽ പെട്ടവരെ മാറ്റിനിർത്തുകയല്ല, ചേർത്തുപിടിക്കുകയാണ് വേണ്ടത്. ആവശ്യമായ ചികിത്സ നൽകി അവരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരണം.

കേരളാ സർക്കാരിന്റെ 'വിമുക്തി' പദ്ധതി ഇതിനായി മികച്ച പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോഴിക്കോട് ബീച്ച് ആശുപത്രിയിലടക്കം പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിൽ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം പൂർണ്ണമായും സൗജന്യമായി ലഭ്യമാണ്. പത്തോളം ബെഡ്ഡുകളുള്ള കിടത്തി ചികിത്സാ സൗകര്യവും അവിടെയുണ്ട്.

സ്കൂളുകളും കോളജുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വാർഡ് തലത്തിൽ ലഹരി ബോധവൽക്കരണ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

## പ്രവാസ പഠനം

ഇന്ത്യയിൽ ലഹരിക്കേസുകളിൽ പിടിക്കപ്പെടുന്നവരിൽ വലിയൊരു ശതമാനം കേരളത്തിൽ നിന്നാണെന്നത് ഗൗരവകരമാണ്. മികച്ച ജീവിതം സ്വപ്നം കണ്ട് മറ്റു സംസ്ഥാനങ്ങളിലേക്ക് പഠനത്തിന് പോകുന്ന നമ്മുടെ യുവജനങ്ങളിൽ എത്രപേർ വിജയിക്കുന്നു എന്നതും ചിന്തിക്കേണ്ടതാണ്. വിദ്യാഭ്യാസ വായ്പ, കുടുംബത്തിന്റെ പ്രതീക്ഷകൾ, മത്സരങ്ങൾ എന്നിവയുണ്ടാക്കുന്ന മാനസിക സമ്മർദ്ദം പലരെയും ലഹരിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്നു.

മലയോര മേഖലകളിൽ പണ്ട് വൈകുന്നേരങ്ങളെ സജീവമാക്കിയിരുന്ന കളിക്കളങ്ങൾ ഇല്ലാതായതും കുട്ടികളെ ഏകാന്തതയിലേക്കും ലഹരിയിലേക്കും നയിക്കുന്നുണ്ട്. കളിസ്ഥലങ്ങളിലെ ആവേശം ഇന്ന് ഫോൺ സ്ക്രീനുകളിലും ലഹരിയിലും ഒതുങ്ങുകയാണ്.

▸ പേജ് നാലിൽ തുടരുന്നു







# ഭയം വേണ്ട, ജാഗ്രത മതി

പ്രലോഭനങ്ങൾ പലവഴിക്ക് വരും, പക്ഷേ അവയോട് ധൈര്യത്തോടെ 'നോ' എന്ന് പറയാൻ നമ്മുടെ മക്കളെ നമുക്ക് പ്രാപ്തരാക്കാം.

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

രാസലഹരിക്കടത്തിൽ ശിക്ഷയ്ക്കു കടുപ്പമേറെയാണ്. പിടിയിലായാൽ 6 മാസം വരെ റിമാൻഡ് ചെയ്യാം. അതിനുശേഷം മാത്രമേ ജാമ്യം പോലും ലഭിക്കൂ. ഈ കേസുകളെ സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാക്കിതിരിച്ചിട്ടുണ്ട്. രണ്ടോ മൂന്നോ ഗ്രാം എംഡിഎംഎ കൈവശം വച്ചാൽ ജാമ്യമെടുക്കാമെന്നു കരുതുന്നവരാണ് പലരും. എന്നാൽ ഇത് 10 വർഷം വരെ കഠിനതടവു ലഭിക്കുന്ന ശിക്ഷയാണ്.

**എംഡിഎംഎ**
- സ്മോൾ ക്വാണ്ടിറ്റി: 0.5 ഗ്രാം വരെ ആറു മാസം തടവ്
- മീഡിയം ക്വാണ്ടിറ്റി: 0.5 ഗ്രാം 10 ഗ്രാം വരെ 10 വർഷം വരെ കഠിനതടവ്
- കമേഴ്സ്യൽ ക്വാണ്ടിറ്റി: 10 ഗ്രാമിനു മുകളിൽ 10 മുതൽ 20 വർഷം വരെ കഠിനതടവ്

**എൽഎസ്ഡി**
- സ്മോൾ ക്വാണ്ടിറ്റി: 0.002 ഗ്രാം വരെ ആറു മാസം തടവ്
- മീഡിയം ക്വാണ്ടിറ്റി: 0.1 ഗ്രാം വരെ 10 വർഷം വരെ കഠിനതടവ്
- കമേഴ്സ്യൽ ക്വാണ്ടിറ്റി: 0.1 ഗ്രാമിന് മുകളിൽ 10 മുതൽ 20 വർഷം വരെ കഠിനതടവ്

### ജാഗ്രത മതി

ഫുട്ബോൾ ഇതിഹാസം മറഡോണയുടെ ജീവിതം നമുക്ക് വലിയൊരു പാഠമാണ്. പരുക്കിന്റെ വേദന മാറ്റാൻ തുടങ്ങിയ ലഹരി ഉപയോഗം അദ്ദേഹത്തിന്റെ ആരോഗ്യത്തെയും ജീവിതത്തെയും അകാലത്തിൽ കവർന്നെടുത്തു. എന്നാൽ ക്രിസ്റ്റ്യാനോ റൊണാൾഡോയെപ്പോലെ, എത്ര കോടി രൂപ വാഗ്ദാനം ചെയ്താലും ആരോഗ്യത്തെ നശിപ്പിക്കുന്ന പാനീയങ്ങളെ തള്ളിക്കളയാനുള്ള ആർജവം നമ്മുടെ മക്കൾക്കുണ്ടാകണം.


കുട്ടികളുടെ വേഷവിധാനത്തിലെ മാറ്റം, വൃത്തിയില്ലായ്മ, നുണപറയൽ, ന്യായീകരണം എന്നിവയെല്ലാം ലഹരി ഉപയോഗത്തിന്റെ ലക്ഷണങ്ങളാകാം. വൈകിട്ട് ആറുമണിക്ക് വീട്ടിലെത്തിയിരുന്ന കുട്ടി ആ ശീലങ്ങൾ തെറ്റിക്കുമ്പോൾ മാതാപിതാക്കൾ ജാഗ്രത പുലർത്തണം. മക്കളെ ചോദ്യം ചെയ്യാനും തിരുത്താനും മടിക്കരുത്. കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ദൃഢമാകട്ടെ. ദിവസവും ഒരു നേരമെങ്കിലും എല്ലാവരും ഒന്നിച്ച് ഭക്ഷണം കഴിക്കുക. മക്കളുടെ ചലനങ്ങൾ ശ്രദ്ധിക്കുക. പ്രലോഭനങ്ങൾ പലവഴിക്ക് വരും, പക്ഷേ അവയോട് ധൈര്യത്തോടെ 'വേണ്ട' എന്ന് പറയാൻ നമ്മുടെ മക്കളെ നമുക്ക് പ്രാപ്തരാക്കാം.

## ലഹരി വേട്ട – 2025

നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോ ട്രോപിക് സബ്സ്റ്റൻസസ് (NDPS) നിയമപ്രകാരം പ്രകാരം 2025-ൽ കേരളത്തിൽ നിന്നു പിടിച്ച ലഹരി വസ്തുക്കളുടെ അളവ്.

| | |
|---|---|
| സ്പിരിറ്റ് | – 19068 ലിറ്റർ |
| ചാരായം | - 2932.08 ലിറ്റർ |
| ഇന്ത്യൻ നിർമിത വിദേശമദ്യം | – 37405.101 ലിറ്റർ |
| കഞ്ചാവ് | – 1990.982 കിലോ |
| എംഡിഎംഎ | – 2349.309 ഗ്രാം |
| എൽഎസ്ഡി | – 3.927 ഗ്രാം |

## ലഹരിക്കേസുകളിലെ വർധന




**വിമുക്തി ഹെൽപ്പ് ലൈൻ – 6238600257**
**ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കോഴിക്കോട് – 9447178063**

## ലഹരി വിരുദ്ധ പോരാട്ടങ്ങൾക്ക് കരുത്തേകി സഭ

മദ്യ-ലഹരി മുക്ത സഭയും സമൂഹവും എന്ന ആപ്ത വാക്യം മുൻ നിർത്തി ലഹരിയ്ക്കെതിരെയുള്ള നിരന്തര പോരാട്ടത്തിലാണ് കത്തോലിക്കാ സഭ. കെസിബിസി മദ്യ-ലഹരി വിമുക്ത സമിതിയാണ് ഇതിനു നേതൃത്വം നൽകുന്നത്. വിവിധ പദ്ധതികളിലൂടെ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ സമിതി സംഘടിപ്പിക്കുന്നു. ഫാ. ജിന്റോ മച്ചുകുഴിയിലാണ് മദ്യ-ലഹരി വിമുക്ത സമിതിയുടെ രൂപതാ ഡയറക്ടർ.

### വ്യക്തിത്വവികസന ക്ലബ്

കെസിബിസി മദ്യ-ലഹരി വിമുക്ത സമിതിയുടെയും താമരശ്ശേരി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ വ്യക്തിത്വവികസന ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. 2002-ൽ മാർ പോൾ ചിറ്റിലപ്പള്ളിയുടെയും ഫാ. ചാണ്ടി കുരിശുംമൂട്ടിലിന്റെയും ദീർഘ വീക്ഷണഫലമായാണ് വ്യക്തിത്വ വികസന ക്ലബ്ബുകൾ രൂപംകൊണ്ടത്. കുട്ടികളെ ലഹരികളുടെ ദുരന്തങ്ങളിൽ നിന്ന് അകറ്റി നല്ല വ്യക്തിത്വവും സാമൂഹ്യബോധവും ഉള്ള പൗരൻമാരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി നമ്മുടെ എല്ലാ സ്കൂളുകളിലും ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു.

ലഹരി വിരുദ്ധ റാലികൾ, ഫ്ളാഷ്മോബ്, പൊതുജന ലഹരി വിരുദ്ധ ബോധവൽകരണം, ബ്രോഷർ വിതരണം, കടകളിൽ ബോധവൽകരണം, പൊലീസ്, എക്സൈസ് വകുപ്പുകളുമായി സഹകരിച്ചു പ്രവർത്തനം, ലഹരി വിരുദ്ധ വരാചാരണം, രൂപതാതല കലാ സാഹിത്യ മത്സരം, മികച്ച ക്ലബ്ബുകൾക്കും, മത്സര വിജയികൾക്കും സ്കൂളുകൾക്കും ഓവർ ഓൾ ട്രോഫികൾ തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വികസന ക്ലബുകൾ സ്കൂളുകളിൽ സജീവമാണ്.

## സർക്കാർ ചിലവിൽ സൗജന്യ ചികിത്സ

എക്സൈസ് വകുപ്പിന്റെ കീഴിൽ ലഹരി അഡിക്ഷന് സൗജന്യ ചികിത്സയും കൗൺസിലിങ്ങും ലഭ്യമാക്കുന്ന വടക്കൻ കേരളത്തിലെ ആശുപത്രികൾ

● **കോഴിക്കോട്:** ഗവ. ബീച്ച് ആശുപത്രി ● **മലപ്പുറം:** നിലമ്പൂർ ഗവ. ആശുപത്രി ● **വയനാട്:** ഗവ. താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ആശുപത്രി, ബത്തേരി ● **കണ്ണൂർ:** താലൂക്ക് ആശുപത്രി, പയ്യന്നൂർ ● **കാസർകോട്:** താലൂക്ക് ആശുപത്രി, നീലേശ്വരം

സ്നേഹസ്മരണയ്ക്ക്
5-ാം ചരമവാർഷികം (03-05-2026)
3-ാം ചരമവാർഷികം (16-03-2026)

തോമസ്
മേരി തോമസ്
കട്ടക്കയം, പൂതംപാറ
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

5-ാം ചരമവാർഷികം
24/06/2026

ബേബി കെ.ജെ
കിഴക്കരക്കാട്ട്, ചെമ്പനോട
ജനനം : 15/03/1959 മരണം : 24/06/2021
'ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും.'
(ഉൽപത്തി 28:15)
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

വേർപാടിന്റെ എട്ട് വർഷങ്ങൾ
04-04-2026 24-03-2026

ജോസഫ്
തെങ്ങുംപിള്ളിൽ
കൂടരഞ്ഞി
അന്നക്കുട്ടി
തെങ്ങുംപിള്ളിൽ
വയലിൽ കുടുംബാംഗം
ആനക്കാംപൊയിൽ
എന്നെന്നും സ്നേഹം മാത്രം ഞങ്ങൾക്ക് നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചന്റെയും അമ്മച്ചിയുടെയും ഓർമകൾക്ക് മുന്നിൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# ജീവൻ നശിപ്പിക്കും ലഹരി

## ലഹരി ഉപയോഗം ശരീരത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നത്? അത് ആരോഗ്യത്തെ എങ്ങനെ തകർക്കും.



ഡോ. വർഷ വിദ്യാധരൻ
(അസോഷ്യേറ്റ് പ്രഫസർ, സൈക്യാട്രി വിഭാഗം, കോഴിക്കോട് ഗവ. മെഡിക്കൽ കോളജ്)

ഇന്നത്തെ യുവതലമുറയിൽ വേഗത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു ഗുരുതര ആരോഗ്യപ്രശ്നമാണ് രാസലഹരിയുടെ ഉപയോഗം. പരമ്പരാഗത മയക്കുമരുന്നുകളെ അപേക്ഷിച്ച് ലബോറട്ടറിയിൽ നിർമിക്കുന്ന രാസലഹരികൾ കൂടുതൽ ശക്തവും മാരകമായ ദോഷഫലങ്ങൾ ഉണ്ടാക്കുന്നവയുമാണ്. 'ലീഗൽ ഹൈസ്', 'ഡിസൈനർ ഡ്രഗ്സ്', 'ക്ലബ് ഡ്രഗ്സ്'എന്നീ പേരുകളിലാണ് ഇവ പലപ്പോഴും അറിയപ്പെടുന്നത്.

ആംഫെറ്റമിൻ, സിന്തറ്റിക് കാനബിനോയിഡുകൾ, സിന്തറ്റിക് ഒപിയോയിഡുകൾ, ഹാലുസിനജെനുകൾ എന്നിവയാണ് രാസലഹരികളുടെ പ്രധാന വിഭാഗങ്ങൾ.

### ശരീരത്തിൽ രാസലഹരികൾ പ്രവർത്തിക്കുന്ന വിധം


രാസലഹരികൾ മസ്തിഷ്കത്തിലെ ന്യൂറോട്രാൻസ്മിറ്ററുകളെ (ഡോപ്പമിൻ, സെറോട്ടോണിൻ, നോറഎഡ്രിനലിൻ) എന്നിവയെ അസാധാരണമായി വർധിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നു.

അതുമൂലം അമിത ഉല്ലാസം, ഊർജ്ജ വർധന, ഭയം കുറയുക, യാഥാർത്ഥ്യബോധം നഷ്ടപ്പെടുക തുടങ്ങിയ അവസ്ഥകളിലേക്ക് എത്തിച്ചേരും. എന്നാൽ ഈ താൽക്കാലിക 'ഹൈ' കഴിഞ്ഞാൽ ശരീരം ഗുരുതരമായ 'ക്രാഷ്' അനുഭത്തിലേക്ക് എത്തിപ്പെടും.

രാസലഹരികളുടെ ഉപയോഗം ശരീരത്തിന്റെ ആന്തരിക വ്യവസ്ഥകളെയും മാനസിക നിലയെയും വളരെ വേഗത്തിൽ തകരാറിലാക്കുന്നു. അതിനാൽ ലഹരിയുടെ ആദ്യ ഉപയോഗം തന്നെ മരണത്തിലേക്കുള്ള ദൂരം കുറയ്ക്കുന്നു എന്നത് തിരിച്ചറിയേണ്ടതുണ്ട്. അവയവങ്ങളെ അടിസ്ഥാനമാക്കിയുള്ള ദോഷഫലങ്ങൾ താഴെ നൽകുന്നു:


## രാസലഹരി അവയവങ്ങളെ ബാധിക്കുന്നതിങ്ങനെ

### മസ്തിഷ്കം




● ഡോപ്പമിൻ വ്യവസ്ഥ തകരുന്നു, അത് ലഹരി ആശ്രിതത്വത്തിലേക്ക് നയിക്കും ● ഓർമ്മക്കുറവ്
● ശ്രദ്ധക്കുറവ് ● മാനസിക രോഗങ്ങൾ
● ഹാലുസിനേഷൻ ● ഭ്രമങ്ങൾ
**ദീർഘകാലം**: സ്ഥിരമായ ബുദ്ധിമുട്ടുകൾ, വ്യക്തിത്വ മാറ്റങ്ങൾ

### കരൾ




● വിഷാംശങ്ങൾ നീക്കം ചെയ്യാൻ കരളിന് അമിതഭാരം
● ഹെപ്പറ്റൈറ്റിസ്,
● കരൾനാശം
**ദീർഘകാലം**: സിറോസിസ്

### ഹൃദയം



● ഹൃദയമിടിപ്പ് വർധിക്കുന്നു
● രക്തസമ്മർദ്ദം ഉയരുന്നു
● ഹൃദയാഘാത സാധ്യത
● ഹൃദയമിടിപ്പിലെ ക്രമക്കേട് (Arrhythmia)
● യുവാക്കളിൽ അപ്രതീക്ഷിത മരണം സംഭവിക്കാൻ സാധ്യത

### വൃക്ക



● വൃക്ക പ്രവർത്തനക്കുറവ്
● പേശി വിഘടനം മൂലം വൃക്കനാശം (Rhabdomyolysis)
● ഡീഹൈഡ്രേഷൻ മൂലം വൃക്കനാശം

### ശ്വാസകോശം



● ശ്വാസതടസം ● ഓക്സിജൻ കുറവ് ● ശ്വാസകോശ അണുബാധ ● ഒപിയോയിഡുകളിൽ ശ്വാസം നിർത്തൽ

### മാനസികാരോഗ്യം



● ആശങ്ക
● ഭയം
● ഡിപ്രഷൻ
● ആത്മഹത്യാ ചിന്തകൾ
● ആശ്രിതത്വം

## രാസലഹരി ഉപയോഗത്തിന്റെ അപകട സൂചനകൾ

**ശാരീരിക ലക്ഷണങ്ങൾ**
● കണ്ണുകൾ ചുവക്കുന്നു ● ഉറക്കക്കുറവ്
● വേഗത്തിലുള്ള ഹൃദയമിടിപ്പ് ● ഒറ്റപ്പെടൽ
● വിയർപ്പ്, വിറയൽ ● സംശയ സ്വഭാവം
● മാനസിക/പ്രവർത്തന മാറ്റങ്ങൾ
● അസാധാരണ പെരുമാറ്റം
● പഠന/ജോലി പ്രകടനം കുറയുന്നു

## ചികിത്സാ രീതികൾ

**അടിയന്തര ചികിത്സ**
● വിഷവിമുക്തി ● ശ്വാസ സഹായം
● ഐസിയു കെയർ

**മരുന്ന് ചികിത്സ**
● Withdrawal management
● മനോവിഷാദവിരുദ്ധ മരുന്നുകൾ
● മാനസികവൈകല്യവിരുദ്ധ മരുന്നുകൾ

**മാനസിക ചികിത്സ**
ബോധ-പ്രവർത്തന ചികിത്സ (CBT)
ഉത്സാഹം വർധിപ്പിക്കുന്ന ചികിത്സ
കുടുംബ കൗൺസിലിങ്

**പുനരധിവാസം**
ഡീ-അഡിക്ഷൻ സെന്ററുകൾ പിന്തുണ ഗ്രൂപ്പുകൾ

**ഏറ്റവും പ്രധാനപ്പെട്ടത്**: പുനരാവർത്തനം തടയൽ ആദ്യ ഘട്ടത്തിൽ തിരിച്ചറിയൽ, സമയോചിത ചികിത്സ, കുടുംബ പിന്തുണ ഇവയൊക്കെയാണ് രോഗമുക്തിയുടെ അടിസ്ഥാനം.






# കോളജ് വിദ്യാർഥിനികളിലെ ലഹരി പ്രവണത

ലഹരിയുടെ ഇരുട്ടിൽ വഴുതിപ്പോകുന്ന പെൺജീവിതങ്ങളെ ചേർത്തുപിടിക്കാം; ശകാരമല്ല, സ്നേഹവും കരുതലും പ്രൊഫഷണൽ പിന്തുണയുമാണ് മാറ്റത്തിന്റെ ചാലകശക്തി.



ഡോ. ഷാന്റി ജോസ്
(പ്രിൻസിപ്പൽ, പ്രൊവിഡൻസ് കോളജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കോഴിക്കോട്)



സമകാലീന സമൂഹത്തിൽ ലഹരി ഉപയോഗം ഒരു ഗൗരവമുള്ള പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് കോളജ് വിദ്യാർത്ഥികളിൽ, അതിലും കൂടുതൽ, വിദ്യാർത്ഥിനികളിൽ, ലഹരി ഉപയോഗം വർധിച്ചു വരുന്നത് ആശങ്കാജനകമാണ്. കോളജ് ജീവിതം വ്യക്തിത്വവികസനത്തിനും സ്വതന്ത്രചിന്തയ്ക്കും പ്രധാന ഘട്ടമായിരിക്കുമ്പോഴും, ഈ കാലഘട്ടത്തിൽ ചിലർ തെറ്റായ വഴികളിലേക്ക് വഴുതി വീഴുന്നത് സമൂഹത്തിന് വലിയ വെല്ലുവിളിയായി മാറുന്നു. ലഹരി ഉപയോഗം വിദ്യാർത്ഥിനികളുടെ ശാരീരികാരോഗ്യത്തെയും മാനസികാരോഗ്യത്തെയും ഗുരുതരമായി ബാധിക്കുന്നതോടൊപ്പം, അവരുടെ വിദ്യാഭ്യാസ മുന്നേറ്റത്തെയും സാമൂഹികബന്ധങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിൽ, കോളേജ് വിദ്യാർത്ഥിനികളിലെ ലഹരി ഉപയോഗത്തെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും അത് കുടുംബത്തിൽ, സമൂഹത്തിൽ ഉണ്ടാക്കുന്ന അരക്ഷിതാവസ്ഥയെക്കുറിച്ചും, ഇവർ വിവാഹം കഴിഞ്ഞു വരുമ്പോൾ ഉണ്ടാകാവുന്ന പ്രതിസന്ധികളെക്കുറിച്ചും, അവയെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും എന്നതിനെക്കുറിച്ചും മനസ്സിലാക്കാൻ ശ്രമിക്കാം.

## ലഹരിയിലേക്കുള്ള വഴി

ആധുനിക ജീവിതശൈലിയും, സഹപാഠികളുടെ സ്വാധീനവും, മാനസിക സമ്മർദ്ദങ്ങളും, കുടുംബപരമായ പ്രശ്നങ്ങളും യുവതികളെ ലഹരിയിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകങ്ങളായി കണക്കാക്കപ്പെടുന്നു. കോളേജ് ജീവിതത്തിൽ കൂട്ടുകാരുടെ അംഗീകാരം നേടാനുള്ള ആഗ്രഹം ശക്തമാണ്. ചിലപ്പോൾ 'ട്രൈ ചെയ്യുക' എന്ന സമ്മർദ്ദം ലഹരി ഉപയോഗത്തിലേക്ക് നയിക്കുന്നു. പഠനഭാരം, വ്യക്തിപരമായ പ്രശ്നങ്ങൾ, കുടുംബ സമ്മർദ്ദങ്ങൾ എന്നിവ മാനസിക സംഘർഷം ഉണ്ടാക്കുന്നു. ഇത് ഒഴിവാക്കാൻ ചിലർ ലഹരിയെ ആശ്രയിക്കുന്നു. സിനിമ, വെബ് സീരീസ്, സോഷ്യൽ മീഡിയ എന്നിവയിൽ ലഹരി ഉപയോഗം ചിലപ്പോൾ 'കൂൾ' അല്ലെങ്കിൽ 'ട്രെൻഡി' ആയി ചിത്രീകരിക്കപ്പെടുന്നു. കൂടാതെ, മാധ്യമങ്ങളും സാംസ്കാരിക മാറ്റങ്ങളും ചിലപ്പോൾ ലഹരിയെ സാധാരണവൽക്കരിക്കുന്ന പ്രവണതയും കണ്ടു വരുന്നു.

## താളംതെറ്റുന്ന കുടുംബം

പെൺകുട്ടികളിൽ ലഹരി ഉപയോഗം വർധിക്കുന്നത് പെൺകുട്ടിയുടെ മാതാ പിതാക്കൾക്കും കുടുംബാംഗങ്ങൾക്കും സ്ഥിരമായ ആശങ്കയ്ക്കും ഭീതിക്കും കാരണമാകുന്നു. അവരുടെ ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം കുടുംബത്തിൽ മാനസിക സമ്മർദ്ദം വർധിപ്പിക്കുന്നു. കുടുംബത്തിന്റെ സമഗ്രസ്ഥിരതയെയും സൗഹൃദപരമായ അന്തരീക്ഷത്തെയും ഗൗരവമായി ബാധിക്കുന്നു. കുടുംബങ്ങളിൽ ഗൗരവമായ അരക്ഷിതാവസ്ഥയ്ക്ക് ഇത് കാരണമാകുന്നു. ലഹരി ഉപയോഗം കാരണം പെൺകുട്ടിയും കുടുംബാംഗങ്ങളും തമ്മിലുള്ള വിശ്വാസം കുറഞ്ഞ് വരുന്നു. പലപ്പോഴും കള്ളങ്ങൾ, രഹസ്യങ്ങൾ, അകലം എന്നിവ ആശയവിനിമയത്തെ ദുർബലമാക്കുന്നു. മാതാപിതാക്കൾക്ക് മാനസിക സംഘർഷവും ആശങ്കയും വർധിക്കുമ്പോൾ, കുടുംബാന്തരീക്ഷം അസ്വസ്ഥവും അസന്തുലിത വുമായി മാറുന്നു. ലഹരി ഉപയോഗം സാമ്പത്തികമായി കുടുംബത്തെ ബാധിക്കുന്നു. ലഹരി വസ്തുക്കൾക്കായി ചെലവഴിക്കുന്ന തുകയും, ചികിത്സയ്ക്കുള്ള ചെലവുകളും കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയെ ദുർബലമാക്കുന്നു. കൂടാതെ സമൂഹത്തിൽ കുടുംബത്തിന് അപകീർത്തി ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഇത് കുടുംബത്തെ സാമൂഹികമായി ഒറ്റപ്പെടലിലേക്കും മാനസിക വേദനയിലേക്കും നയിക്കുന്നു. കുടുംബത്തിലെ മറ്റ് കുട്ടികൾക്കും ഈ സാഹചര്യത്തിന്റെ പ്രതികൂല സ്വാധീനം ഉണ്ടാകാം. അവർക്ക് മാനസിക അസ്വസ്ഥത, പഠനത്തിൽ പിന്നാക്കം, പെരുമാറ്റ പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടാകാൻ സാധ്യതയുണ്ട്.

> കോളേജ് കുമാരികളിലെ ലഹരി ഉപയോഗം ഒരു മുന്നറിയിപ്പാണ്, ശരിയായ സമയത്ത് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കൈത്താങ്ങാകുമ്പോൾ, ജീവിതങ്ങളെ വീണ്ടും ശരിയായ പാതയിലേക്ക് നയിക്കാനാകും.

## ലഹരിയുടെ പിടിയിൽ കലാലയങ്ങൾ

അടുത്തകാലങ്ങളിൽ കലാലയങ്ങളിലെ വിദ്യാർത്ഥിനികളുമായി ബന്ധപ്പെട്ട ലഹരി ഉപയോഗവും ലഹരി കടത്തും സംബന്ധിച്ച ചില സംഭവങ്ങൾ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രമുഖ നഗരത്തിലെ കോളേജിൽ പഠിക്കുന്ന ചില വിദ്യാർത്ഥിനികൾ പാർട്ടി പരിപാടികളിൽ ലഹരി വസ്തുക്കൾ ഉപയോഗിച്ചതായി പോലീസ് കണ്ടെത്തി. ആദ്യം സാമൂഹിക അനുഭവം എന്ന നിലയിൽ തുടങ്ങിയ ഉപയോഗം, പിന്നീട് പതിവായി മാറി. ചില റിപ്പോർട്ടുകൾ പ്രകാരം, വിദ്യാർത്ഥിനികൾ ലഹരി വസ്തുക്കൾ പരീക്ഷിക്കുന്നതും, ചിലപ്പോൾ സ്ഥിരമായ ഉപയോഗത്തിലേക്ക് മാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആരോഗ്യപരമായും മാനസികമായും ദോഷകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.

നമ്മുടെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കനുസരിച്ചുവേണം കുട്ടികളുടെ ഉപരിപഠന സാധ്യതകൾ ഉപയോഗപ്പെടുത്താൻ. ഭീമമായ തുക കടമെടുത്തും കിടപ്പാടം പണയംവച്ചുമൊക്കെ കുട്ടികളെ ഉപരിപഠനത്തിനായി ബെംഗളൂരു പോലുള്ള മെഗാ നഗരങ്ങളിലേക്ക് പറഞ്ഞയയ്ക്കുമ്പോൾ അവിടെ അതിസമ്പന്നരുടെയും സമ്പന്നരുടെയും കുട്ടികളോടൊപ്പം ജീവിച്ചുതുടങ്ങുന്ന നമ്മുടെ കുട്ടികൾ സാവധാനത്തിൽ ഡ്രഗ്സ്, സെക്സ് റാക്കറ്റുകളുടെ പിടിയിലമരുന്നതിന്റെ നേർക്കാഴ്ചകൾ സമീപ നാളുകളിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത ഡ്രഗ് കേസുകളിൽ നാം കണ്ടു.

## ലഹരിയും മാനസിക രോഗങ്ങളും

ലഹരി ഉപയോഗം വിവാഹത്തിന് ശേഷം സ്ത്രീയുടെ വ്യക്തി ജീവിതത്തെയും കുടുംബജീവിതത്തെയും ഗൗരവമായി ബാധിക്കാം. ദാമ്പത്യബന്ധത്തിൽ വിശ്വാസക്കുറവ്, തർക്കങ്ങൾ, മാനസിക അകലം എന്നിവ വർദ്ധിക്കാൻ സാധ്യതയുണ്ട്. ദീർഘകാല ലഹരി ഉപയോഗം ശരീരത്തെയും മനസ്സിനെയും ബാധിക്കുന്നു. ഇത് ഡിപ്രഷൻ, അമിതമായ ഉത്കണ്ഠ, ഹോർമോൺ അസന്തുലിതാവസ്ഥ തുടങ്ങിയവയ്ക്ക് കാരണമാകാം. ഗർഭ കാലത്തെ ലഹരി ഉപയോഗം കുഞ്ഞിന് ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കാം. (ഉദാ: Fetal Alcohol Spectrum Disorders). മാതൃത്വത്തിന്റെ ഗുണമേന്മയിൽ കുറവ് സംഭവിക്കുന്നത് മൂലം കുഞ്ഞിനെ പരിചരിക്കുന്നതിൽ ശ്രദ്ധക്കുറവ്, മാനസിക അസ്ഥിരത എന്നിവ ഉണ്ടാകാം. ലഹരി വാങ്ങുന്നതിന് ചെലവ് കൂടുകയും കുടുംബത്തിന്റെ സാമ്പത്തികനില തകരുകയും ചെയ്യാം. ഇത് കുടുംബബന്ധങ്ങൾക്കും സാമൂഹ്യബന്ധങ്ങൾക്കും തകർച്ച ഉണ്ടാകുകയും ചെയ്യും.

## പരിഹാരമുണ്ട്; പരിഭ്രമിക്കേണ്ട

ഇനി, ഇത്തരം ഒരു സാഹചര്യം വന്നാൽ ഭയപ്പെടേണ്ടതില്ല, വിമർശിക്കാതെ, അവരോട് തുറന്ന ആശയവിനിമയം നടത്തുക. കുറ്റപ്പെടുത്തൽ അല്ല, ശരിയായ സമീപനവും കരുതലും പിന്തുണയും ഉണ്ടെങ്കിൽ മാറ്റം സാധ്യമാണ്. പ്രൊഫഷണൽ സഹായം (കൗൺസലിങ്) വളരെ പ്രധാനമാണ്. ലഹരി ഉപയോഗം ഒരു രോഗാവസ്ഥ ആണ്, ശരിയായ ചികിത്സ (മെഡിക്കൽ സഹായം) ആവശ്യമാണ്. കുടുംബാംഗങ്ങൾ സഹകരിച്ച് പിന്തുണ നൽകണം. ലഹരി ഉപയോഗത്തിന് പ്രേരിപ്പിക്കുന്ന കൂട്ടുകാർ, സാഹചര്യങ്ങൾ എന്നിവയിൽ നിന്ന് അകലം പാലിക്കാൻ സഹായിക്കുക. പ്രാർത്ഥന, ധ്യാനം, നല്ല കൂട്ടായ്മ എന്നിവയ്ക്കായി കൂടുതൽ സമയം ചിലവഴിക്കുക അത് മനസ്സിനെ സ്ഥിരതയുള്ളതാക്കും.

ഓരോ യുവത്വവും ദൈവത്തിന്റെ ദാനമാണ്, അതിനെ സംരക്ഷിക്കുക നമ്മുടെ കടമയും ഉത്തരവാദിത്വവും ആയിരിക്കണം. കോളേജ്കുമാരികളിലെ ലഹരി ഉപയോഗം നമുക്കുള്ള ഒരു മുന്നറിയിപ്പാണ്. ശരിയായ സമയത്ത് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കൈത്താങ്ങാകുമ്പോൾ, ജീവിതങ്ങളെ വീണ്ടും ശരിയായ പാതയിലേക്ക് നയിക്കാൻ നമുക്ക് ആകും. ലഹരിയുടെ ഇരുട്ടിനെതിരെ നമുക്ക് കരുതലിന്റെ വെളിച്ചം തെളിയിക്കാം, അതാണ് യഥാർത്ഥ മാറ്റത്തിന്റെ തുടക്കം. അലാത്ത പക്ഷം ഭാവിതലമുറയുടെ മാതൃത്വം അപകടത്തിലാകും.

## സ്നേഹവും പിന്തുണയും നൽകാം

പെൺകുട്ടികളിലെ ലഹരി ഉപയോഗം വ്യക്തിപരമായ പ്രശ്നമെന്നതിലുപരി കുടുംബത്തിന്റെ സമഗ്രആരോഗ്യത്തെയും സാമൂഹിക സ്ഥിരതയെയും ബാധിക്കുന്ന ഒരു ഗൗരവകരമായ വിഷയമാണ്. അതിനാൽ, കുടുംബകേന്ദ്രിതമായ ഇടപെടലുകൾ, കൗൺസലിങ്, ബോധവൽക്കരണം എന്നിവയിലൂടെ ഈ പ്രശ്നത്തെ പ്രതിരോധിക്കേണ്ടത് അനിവാര്യമാണ്. ലഹരിയുടെ ദോഷഫലങ്ങളെക്കുറിച്ച് സ്കൂൾ-കോളേജ് തലത്തിൽ തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ നടത്തണം. ആന്റി-ഡ്രഗ് ക്ലബ്ബുകൾ രൂപീകരിക്കുക, യാഥാർത്ഥ്യ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം, എന്നിവ വിദ്യാർത്ഥിനികളിൽ ജാഗ്രത വളർത്തും. സമ്മർദ്ദം, വിഷാദം, ഏകാന്തത തുടങ്ങിയ പ്രശ്നങ്ങൾക്ക് കൗൺസലിങ്, മാനസികാരോഗ്യ സേവനങ്ങൾ എന്നിവ സുലഭമാക്കണം. അധ്യാപകർ കുട്ടികളുമായി തുറന്ന ആശയവിനിമയം നിലനിർത്തണം. ക്യാമ്പസുകളിൽ അധ്യാപക രക്ഷാകർത്താ സമിതി സജീവമാകണം. മാതാപിതാക്കൾ മക്കളുടെ കാര്യത്തിൽ വളരെ ശ്രദ്ധയുള്ളവരാകണം. അവരെ കേൾക്കുവാനും അവരോടൊപ്പം ആയിരിക്കുവാനും സമയം കണ്ടെത്തണം. മക്കളുടെ സുഹൃത്തുക്കളുമായി നല്ല ബന്ധം സ്ഥാപിക്കുകയും വേണം. സ്നേഹവും പിന്തുണയും നൽകുന്ന കുടുംബാന്തരീക്ഷം അവരെ ലഹരിയിൽ നിന്ന് വിട്ടുനിൽക്കാൻ സഹായിക്കും.



# പ്ലസ് ടു കഴിഞ്ഞാൽ ഇനി എന്ത്?

**പ്ലസ് ടുവിന് ശേഷം ഏത് കോഴ്സ് സെലക്ട് ചെയ്യുമെന്നത് കുട്ടികളെയും രക്ഷിതാക്കളെയും ഒരുപോലെ കുഴക്കുന്ന പ്രശ്നമാണ്. കോഴ്സ് തിരഞ്ഞെടുക്കാൻ സാഹായിക്കുന്ന ചില മാർഗനിർദേശങ്ങൾ പങ്കുവയ്ക്കുന്നു.**



വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം



കുട്ടിയുടെ താല്പര്യവും അഭിരുചിയും നോക്കി വേണം പ്ലസ്ടു കഴിഞ്ഞുള്ള കോഴ്സ് തിരഞ്ഞെടുക്കുവാൻ. മറ്റ് വിഷയങ്ങളെ അപേക്ഷിച്ച് കൂടുതൽ താൽപര്യമുള്ളതും, സാധാരണ പരീക്ഷകളിൽ കൂടുതൽ മാർക്ക് ലഭിക്കുന്നതുമായിരിക്കണം തിരഞ്ഞെടുക്കുന്ന കോഴ്സിലെ വിഷയങ്ങൾ. എൻജിനീയറിങ്ങിൽ താൽപര്യമില്ലാത്തവർ എൻജിനീയറിങ് കോഴ്സിനോ, മെഡിക്കൽ വിഷയങ്ങളോട് താൽപര്യമില്ലാത്തവർ ഏതെങ്കിലും മെഡിക്കൽ കോഴ്സിനോ, ആട്സ്-കൊമേഴ്സ്-ഐടി വിഷയങ്ങൾ ഇഷ്ടമില്ലാത്തവർ അതുമായി ബന്ധപ്പെട്ട കോഴ്സിനോ ചേർന്നാൽ ഗുണത്തേക്കാളേറെ ദോഷമായിരിക്കും ഫലം.

കേരളത്തിലെ എൻജിനീയറിങ് വിജയശതമാനം 40 ശതമാനത്തിലും താഴെയാണെന്നത് ആശങ്ക നൽകുന്നതാണ്. കോളജുകളുടെ നിലവാരക്കുറവോ, സിലബസിന്റെ കാഠിന്യമോ അല്ല ഇതിനു കാരണം. കോഴ്സിനു ചേരുന്ന കുട്ടിയുടെ താൽപര്യക്കുറവും പഠനശേഷിക്കുറവുമാണ് ഇതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

## പഠനശേഷി

എല്ലാ വിഷയങ്ങളും എല്ലാവർക്കും ഒരുപോലെ പഠിക്കാൻ സാധിക്കണമെന്നില്ല. തിരഞ്ഞെടുക്കുന്ന കോഴ്സിലെ വിഷയങ്ങൾ പഠിക്കാനുള്ള ശേഷി ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത കോഴ്സിൽ ചേരാവൂ. ചില വിഷയങ്ങൾ കൂടുതൽ വായനയും അധ്വാനവും ആവശ്യമുള്ളതാണെങ്കിൽ മറ്റ് ചിലത് കൂടുതൽ ഓർമ്മയും ബുദ്ധിശക്തിയും ഉള്ളവർക്ക് ചേരുന്നതായിരിക്കും. ആട്സ്-കൊമേഴ്സ്-മെഡിക്കൽ വിഷയങ്ങൾ മേൽ പറഞ്ഞ ഒന്നാം വിഭാഗക്കാർക്കും സയൻസ്-ഐടി-എൻജിനീയറിങ് കോഴ്സുകൾ രണ്ടാം വിഭാഗക്കാർക്കും ചേർന്നതായിരിക്കും.

## കുടുംബത്തിന്റെ സാമ്പത്തികം

കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി ഒരു പ്രധാന ഘടകമായിരിക്കണം. പല കോഴ്സുകളും പഠിക്കുവാനുള്ള ചെലവ് വ്യത്യസ്തമാണ്. കോഴ്സ് പൂർത്തിയാക്കുവാൻ എന്ത് ചെലവാകും എന്ന് മുൻക്കൂട്ടി അറിഞ്ഞിരിക്കണം. വർഷം 8-10 ലക്ഷം മുടക്കിയുള്ള മെഡിസിൻ പഠനവും 4-5 ലക്ഷം മുടക്കിയുള്ള എൻജിനീയറിങ് പഠനവുമൊക്കെ കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുമെങ്കിൽ മാത്രമേ തിരഞ്ഞെടുക്കാവൂ. കോഴ്സ് കഴിഞ്ഞാൽ അതിനനുസരിച്ചുള്ള ഒരു ജോലി ഉറപ്പുതരാത്ത നമ്മുടെ രാജ്യത്ത് കടം വാങ്ങിയും ലോണെടുത്തും ഇത്തരം കോഴ്സുകൾ ചെയ്യുന്നത് ഗുണകരമല്ല. ഇത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റ്, എയ്ഡഡ് കോളജുകളിലെ ഡിഗ്രി പഠനമാണ് ഏറെ മെച്ചമായിട്ടുള്ളത്.

## സ്ഥാപനത്തിന്റെ മികവ്

കോഴ്സ് നടത്തുന്ന സ്ഥാപനത്തിന്റെ മികവ് ഏറെ പ്രാധാന്യം അർഹിക്കുന്നു. പഠിച്ച കോഴ്സിന് എത്ര മാർക്ക് ലഭിച്ചു എന്നതിനോടൊപ്പം ഏതു സ്ഥാപനത്തിൽ പഠിച്ചു എന്നതും പ്രത്യേകം പരിഗണിക്കപ്പെടും. അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലും പോയി പഠിക്കുന്നതിന് അതിന്റേതായ ചില മെച്ചങ്ങൾ ഉണ്ടെങ്കിലും നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കാൾ മികച്ചത് പുറത്തുള്ളതാണെന്ന ധാരണ ശരിയല്ല. കേന്ദ്ര ഗവൺമെന്റ് ഈ അടുത്ത് നടത്തിയ സ്ഥാപനങ്ങളുടെ ഗ്രേഡിങ്ങിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ മുന്നിൽ തന്നെയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരവും ഭൗതിക സൗകര്യങ്ങളും, അധ്യാപനവും മികച്ചതുതന്നെയാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പഠിപ്പിക്കുന്ന അധ്യാപകരുടെ കഴിവിലും നാം ഏറെ മുന്നിലാണ്. അതേ സമയം, ഉന്നത പഠനത്തിനും ഗവേഷണത്തിനുമൊക്കെയായി കേന്ദ്ര സർവകലാശാലകളിലും രാജ്യത്തെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അഡ്മിഷൻ നേടുന്നത് ഏറെ നല്ലതുമാണ്. നാട്ടിൽ കൂണുപോലെ മുളച്ചുപൊങ്ങുന്ന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ എംബിഎ, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകളും, നഴ്സിങ് സ്ഥാപനങ്ങളിലെ നഴ്സിങ് കോഴ്സുകളും, കംപ്യൂട്ടർ സ്ഥാപനങ്ങളിലെ കംപ്യൂട്ടർ കോഴ്സുകളും മെച്ചമാകണമെന്നില്ല. അംഗീകൃത നിലവാരമുള്ള സ്ഥാപനങ്ങളിൽ തന്നെ വേണം കോഴ്സ് ചെയ്യുവാൻ.

## സ്ഥാപനത്തിന്റെ സാമീപ്യം

വിദ്യാഭ്യാസം കൂടുതൽ മുതൽ മുടക്ക് ആവശ്യമായി വരുന്ന ഈ കാലഘട്ടത്തിൽ പഠിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ സാമീപ്യം തീർച്ചയായും പരിഗണിക്കണം. രണ്ടും മൂന്നും മണിക്കൂർ യാത്ര ചെയ്തും ഹോസ്റ്റലുകളിലും മറ്റും താമസിച്ചു പഠിക്കുന്നതുകൊണ്ട് പ്രത്യേക ഗുണമുണ്ടെങ്കിൽ മാത്രമേ ആ കോഴ്സിന് ചേരാവൂ. സ്വന്തം വീട്ടിൽ നിന്നും അരമണിക്കൂർ യാത്രാദൂരമുള്ള തരക്കേടില്ലാത്ത ഒരു കോളജിൽ ചേരാതെ ദൂരെ സ്ഥലത്തെ കോളജിൽ ചേർന്ന് വളരെ ബുദ്ധിമുട്ടി ഹോസ്റ്റൽ ഫീസ് അടയ്ക്കുന്നത് അഭികാമ്യമല്ല. തങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് വിട്ട് കുട്ടിയെ കൂടുതൽ സ്വയം പര്യപ്തതയിലേക്ക് വിടുന്ന ഈ മാറ്റം ചിലപ്പോഴെക്കെ ഒരു പരാജയമായി മാറുന്നതും കാണുന്നു.

## തുടർ പഠനം

പിഎസ്സി, യുപിഎസ്സി തുടങ്ങിയ പരീക്ഷകളുടെ അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. എന്നാൽ ബിരുദത്തോടൊപ്പം ബിരുദാനന്തര ബിരുദവും മറ്റ് സ്പെഷ്യലൈസേഷനുകളും ഉള്ളവർക്ക് ജോലിക്ക് മുൻഗണനയും കൂടുതൽ സ്ഥാനകയറ്റങ്ങളും എളുപ്പമാണ്. അതിനാൽ പഠനം ഡിഗ്രി തലത്തിൽ അവസാനിപ്പിക്കാതെ പോസ്റ്റ് ഗ്രാജുവേറ്റ് ഗവേഷണതലങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കുമെങ്കിൽ അതിന് തയ്യാറാകണം. തിരഞ്ഞെടുക്കുന്ന കോഴ്സുകളിൽ ഇതിനുള്ള സാധ്യത ഉണ്ടെന്ന് ഉറപ്പുവരുത്തുന്നത് നല്ലതാണ്. ഇന്റഗ്രേറ്റഡ് ഡിഗ്രി/ പിജി, ഇന്റഗ്രേറ്റഡ് ബി.എഡ് തുടങ്ങിയ പ്രോഗ്രാമുകൾ നല്ലതാണ്.

## തൊഴിൽ സാധ്യത

കോഴ്സ് കഴിഞ്ഞാലുള്ള തൊഴിൽ സാധ്യതകൾ, സർക്കാർ സർവീസിൽ നിലനിൽക്കുന്നതും വരാനിരിക്കുന്നതുമായ ഒഴിവുകൾ, ജോലിക്ക് ലഭിക്കുന്ന ശമ്പളം എന്നിവ പരിഗണിക്കണം. മെഡിക്കൽ - പാരമെഡിക്കൽ മേഖലകൾ ഇപ്പോഴും ആകർഷകവും ഡിമാന്റ് ഉള്ളതുമാണ്. മികച്ച എൻജിനീയറിങ് കോളജുകളിൽ നിന്ന് മികവോടെ പാസാകുന്നവർക്ക് പ്ലേസ്മെന്റ് ലഭിക്കുന്നുണ്ടെങ്കിലും ധാരാളം എൻജിനീയറിങ് ബിരുദധാരികൾക്ക് ആ മേഖലയിൽ ജോലി ലഭിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. എങ്കിലും എജിനീയറിങ് ബിരുദം അടിസ്ഥാന യോഗ്യതയായി തുടർന്ന് ജോലിക്ക് ഇഷ്ടമുള്ള മേഖലയിലേക്ക് മാറാൻ സാധിക്കും. ധാരാളം ജോലി സാധ്യതയുള്ള മേഖലയാണ് ജേർണലിസം -മീഡിയ തുടങ്ങിയവ. എന്നാൽ ഈ മേഖലയിൽ ശമ്പളവും മറ്റും ആകർഷകമല്ല. എംഎസ്സി, എംസിഎ, എൻജിനീയറിങ് ബിരുദധാരികൾ ധാരാളം ഉള്ളതിനാൽ ബിസിഎ, ഐടി, ഇലക്ട്രോണിക്സ് തുടങ്ങിയ കോഴ്സുകളുടെ ആകർഷണവും കുറഞ്ഞുവരുന്നു. ബി.കോം, സിഎ, മാനേജ്മെന്റ്, ബി.ഫാം, ഹോട്ടൽ മാനേജ്മെന്റ്, ട്രാവൽ ആന്റ് ടൂറിസം, ഡിസൈനിങ്, മൾട്ടീമീഡിയ തുടങ്ങിയ കോഴ്സുകൾക്ക് ഇപ്പോഴും പ്രസക്തി ഉണ്ട്. ഇന്റീരിയർ ഡക്കറേഷൻ, അഡ്വർടൈസിങ്, പോളിടെക്നിക്ക് തുടങ്ങിയവ എളുപ്പത്തിൽ ജോലി ലഭിക്കുന്നതിനും കൂടുതൽ സാമ്പത്തിക മെച്ചമുള്ളതും, വിദഗ്ദരുടെ കുറവ് ഏറെ അനുഭവപ്പെടുന്നതുമായ മേഖലകളാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, സൈബർ സെക്യൂരിറ്റി, ഡാറ്റാ സയൻസ്, റോബോട്ടിക്ക് ആന്റ് ഓട്ടോമേഷൻ, മെഷീൻ ലേണിങ് തുടങ്ങിയ ന്യൂജെൻ കോഴ്സുകൾ ഇപ്പോൾ ആകർഷകമാണ്. വികസിച്ചു കൊണ്ടിരിക്കുന്ന മേഖലകൾ ആയതിനാൽ തുടർച്ചയായ അപ്ഡേറ്റുകൾ ആവശ്യമാണ്.

മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സാഹചര്യങ്ങൾക്ക് അനുസരിച്ച് പുതിയ കാര്യങ്ങൾ വേഗത്തിൽ പഠിക്കുന്ന കഴിവിലേക്കും പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്ന മികവിലേക്കും വിദ്യാഭ്യാസം മാറിക്കൊണ്ടിരിക്കുകയാണ്.

### ഓട്ടോണമസ് കോളജുകൾക്ക് പ്രത്യേകം അപേക്ഷ

കേരളത്തിലെ പ്രമുഖ കോളജുകളിൽ 34 എണ്ണം ഓട്ടോണമസ് കോളജുകൾ ആണ്. കേരള, മഹാത്മാ ഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകൾക്ക് കീഴിലുള്ള ഈ കോളജുകൾ അതാത് സർവകലാശാലകളുടെയും സംസ്ഥാന സർക്കാരിന്റെയും നിയന്ത്രണത്തിൽ ആണെങ്കിലും മറ്റ് പല കാര്യങ്ങളിലും ഈ കോളജുകൾക്ക് സ്വയംഭരണാവകാശമുണ്ട്.

പരീക്ഷാ നടത്തിപ്പ്, അഡ്മിഷൻ തുടങ്ങിയ കാര്യങ്ങൾ അതാത് കോളജുകൾ ആണ് ചെയ്യുന്നത്. കോഴ്സുകളുടെ സിലബസ് സർവകലാശാല നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കാനും കോളജിന് അധികാരമുണ്ട്. സമയത്ത് ക്ലാസുകൾ തീർത്ത് പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്താൻ ഓട്ടോണമസ് കോളജുകൾക്ക് കഴിയുന്നുണ്ട്. ഫീസും മറ്റ് കാര്യങ്ങളും ഓട്ടോണമസ് കോളജുകൾക്കും മറ്റ് എയ്ഡഡ്/സർക്കാർ കോളജുകൾക്കും ഒരുപോലെയാണ്. റഗുലർ കോഴ്സുകൾക്കും സെൽഫ് ഫിനാൻസ് വിഭാഗം കോഴ്സുകൾക്കും ഫീസ് വ്യത്യസ്തമാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ ലഭിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് അതാത് യൂണിവേഴ്സിറ്റികളുടേതാണ്.

ഓട്ടോണമസ് കോളജുകളിൽ അഡ്മിഷൻ ലഭിക്കാൻ അതത് കോളജുകളുടെ വെബ്സൈറ്റിൽ കയറി ഓൺലൈൻ ആയി പ്രത്യേകം അപേക്ഷ സമർപ്പിക്കണം. ഓട്ടോണമസ് വിഭാഗത്തിൽപെടാത്ത അതത് യൂണിവേഴ്സിറ്റികളുടെ കീഴിലെ കോളജുകളിലേയ്ക്ക് അപേക്ഷിക്കാൻ അതാത് യൂണിവേഴ്സിറ്റികളുടെ വെബ്സൈറ്റ് വഴി അപേക്ഷ നൽകണം. ഏകജാലകം വഴിയുള്ള ഈ അപേക്ഷയിൽ എത്ര കോളജ് വേണമെങ്കിലും ഉൾപ്പെടുത്താം.

ദേവഗിരി സെന്റ് ജോസഫ്സ്, പ്രോവിഡൻസ് വുമൻസ്, തൃശൂർ സെന്റ് തോമസ്, തേവര എസ്.എച്ച് , ചങ്ങനാശ്ശേരി എസ്.ബി, പാലാ സെന്റ് തോമസ്, തിരുവനന്തപുരം മാർ ഇവാനിയോസ്, കൂത്തുപറമ്പ് നിർമലഗിരി തുടങ്ങിയ കോളേജുകൾ എല്ലാം ഇപ്പോൾ ഓട്ടോണമസ് വിഭാഗത്തിലാണ്.

# നന്മ നിറഞ്ഞവളിലേക്ക് ഒരു തീർത്ഥാടനം: മെയ് മാസവണക്കത്തിന്റെ പൊരുളും പ്രസക്തിയും

**വിനയം ബലഹീനതയല്ല, മറിച്ച് ദൈവത്തിൽ ആശ്രയിക്കുന്നവരുടെ കരുത്താണെന്ന് അധികാര ഗർവ്വുകൾക്കും അനീതികൾക്കുമെതിരെ വിനയമെന്ന ആയുധമുയർത്തിയ പരിശുദ്ധ മറിയം നമ്മെ പഠിപ്പിക്കുന്നു. സാമൂഹിക നീതിക്കായി നിലകൊള്ളുന്ന ഏവർക്കും പ്രചോദനമാണ് പരിശുദ്ധ അമ്മ**



## വിശ്വാസ വീഥി

**ഫാ. ലിൻസ് മുണ്ടക്കൽ**
(താമരശ്ശേരി രൂപതാ മീഡിയാ കമ്മീഷൻ ഡയറക്ടർ)

സസ്യലതാദികൾ പൂക്കളാൽ ഭൂമിയെ അലങ്കരിക്കുന്ന വസന്തകാലത്താണ് ക്രൈസ്തവസഭ പരിശുദ്ധ കന്യകാമറിയത്തെ വണങ്ങാനായി മേയ് മാസം മാറ്റിവെച്ചിരിക്കുന്നത്. വിശ്വപ്രസിദ്ധമായ ഭക്തിയെന്നതിലുപരി, മെയ് മാസവണക്കം നമ്മുടെ ആത്മീയ ജീവിതത്തിന്റെ നവീകരണത്തിനുള്ള വഴികാട്ടിയാണ്. ദൈവമാതാവിനോടുള്ള ഈ ആദരവ് കേവലമൊരു പാരമ്പര്യമല്ല, മറിച്ച് അത് ക്രിസ്തുവിനോടുള്ള നമ്മുടെ വിശ്വസ്തതയുടെ അടയാളമാണ്.

### വണക്കമാസം ചരിത്രത്തിലൂടെ

സഭയുടെ പ്രാർത്ഥനാ പാരമ്പര്യങ്ങൾ പലപ്പോഴും ചരിത്രത്തിന്റെ മണ്ണിൽ ആഴത്തിൽ വേരൂന്നിയവയാണ്. മെയ് മാസത്തെ മരിയൻ മാസമായി സഭ തിരഞ്ഞെടുത്തതിന് പിന്നിൽ കേവലമൊരു യാദൃശ്ചികതയല്ല, മറിച്ച് ലോകത്തിന്റെ സംസ്കാരങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച സുന്ദരമായ ഒരു 'ആത്മീയ പരിവർത്തനത്തിന്റെ' ചരിത്രമാണുള്ളത്.

പുരാതന ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിൽ മേയ് മാസം വസന്തത്തിന്റെ തുടക്കമായിരുന്നു. ജീവന്റെയും പൂക്കളുടെയും പ്രതീകമായി ഈ മാസത്തെ കണ്ടിരുന്ന ഗ്രീക്കുകാർ ആർട്ടെമിസ് ദേവതയ്ക്കും, റോമാക്കാർ ഫ്ലോറ എന്ന ദേവതയ്ക്കും ഈ കാലം സമർപ്പിച്ചിരുന്നു. എന്നാൽ ക്രൈസ്തവ സഭ വളർന്നപ്പോൾ, ഈ ആഘോഷങ്ങളെ സഭ 'ആത്മീയവൽക്കരിച്ചു'. ജീവന്റെയും സൗന്ദര്യത്തിന്റെയും യഥാർത്ഥ ഉറവിടമായ ക്രിസ്തുവിനെ ലോകത്തിന് നൽകിയ മറിയത്തിന് ഈ വസന്തകാലം സമർപ്പിക്കുന്നത് ഉചിതമാണെന്ന് സഭ തിരിച്ചറിഞ്ഞു. അങ്ങനെ പ്രകൃതിയുടെ വസന്തം ആത്മാവിന്റെ വസന്തമായി രൂപാന്തരപ്പെട്ടു.

13-ാം നൂറ്റാണ്ടിൽ സ്പെയിനിലെ അൽഫോൻസോ പത്താമൻ രാജാവാണ് തന്റെ 'കാന്റികാസ് ഡി സാന്താ മരിയ' എന്ന കൃതിയിലൂടെ മെയ് മാസത്തിലെ മരിയൻ വണക്കത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. എങ്കിലും, ഇന്ന് നാം കാണുന്ന രീതിയിലുള്ള ചിട്ടയായ വണക്കമാസമായി ഇത് മാറിയത് 18-ാം നൂറ്റാണ്ടിലാണ്. റോമിലെ ജെസ്യൂട്ട് വൈദികർ, പ്രത്യേകിച്ച് ഫാ. ലാ ലോമിയ തുടങ്ങിയവർ, മേയ് മാസം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രാർത്ഥനാ ക്രമങ്ങൾ രൂപപ്പെടുത്തിയെടുത്തു. വീടുകളിൽ അമ്മയെ വണങ്ങുന്ന ശീലം വിശ്വാസികൾക്കിടയിൽ തരംഗമായത് ഈ കാലഘട്ടത്തിലാണ്.

### പാപ്പമാരുടെ പ്രബോധനങ്ങളും ഔദ്യോഗിക അംഗീകാരവും

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലൂടെ മെയ് മാസ ഭക്തിക്ക് കൂടുതൽ ആധികാരികത ലഭിച്ചു.

● **പീയൂസ് പന്ത്രണ്ടാമൻ പാപ്പ:** 1954-ൽ 'അഡ് കെയ്‌ലി റെജിനം' എന്ന വിളംബരത്തിലൂടെ മറിയത്തെ പ്രപഞ്ചത്തിന്റെ രാജ്ഞിയായി പ്രഖ്യാപിക്കുകയും, മെയ് മാസ ഭക്തി ക്രിസ്തുവിലേക്കുള്ള സുരക്ഷിതമായ പാതയാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

● **വിശുദ്ധ പോൾ ആറാമൻ പാപ്പ:** 1965-ൽ പുറപ്പെടുവിച്ച 'മെൻസെ മയോ' എന്ന ചാക്രികലേഖനത്തിലൂടെ, മെയ് മാസം വരുമ്പോൾ വിശ്വാസികൾ കൂടുതൽ തീക്ഷ്ണതയോടെ അമ്മയുടെ സവിധത്തിലേക്ക് വരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ലോകസമാധാനത്തിന് വേണ്ടിയുള്ള ജപമാല അർപ്പണത്തിന് ഏറ്റവും അനുയോജ്യമായ സമയമായി അദ്ദേഹം ഈ മാസത്തെ വിശേഷിപ്പിച്ചു.

### സഭയുടെ ദൈവശാസ്ത്രം

'ഈശോ മതിയല്ലോ, പിന്നെന്തിനാണ് മറിയം?' എന്ന ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലാണ് അടങ്ങിയിരിക്കുന്നത്. മറിയം കേവലം ഒരു ചരിത്രപുരുഷന്റെ അമ്മയല്ല, മറിച്ച് ക്രിസ്തുവിനോട് അഗാധമായി ചേർന്നുനിൽക്കുന്നവളാണ്.

● **മറിയം വഴി ഈശോയിലേക്ക്:** ക്രിസ്തുവെന്ന സൂര്യനിലേക്ക് നമ്മെ നയിക്കുന്ന സുരക്ഷിതമായ കൈത്തിരിയാണ് മറിയം. ഈശോയിലേക്ക് പോകാൻ ഏറ്റവും എളുപ്പമുള്ള വഴി മറിയമാണെന്ന് വി. ലൂയിസ് ഡി മോണ്ട്ഫോർട്ട് പഠിപ്പിക്കുന്നു. കാനായിലെ കല്യാണവിരുന്നിൽ 'അവൻ പറയുന്നത് പോലെ ചെയ്യുവിൻ' എന്ന് പറഞ്ഞുകൊണ്ട് അവൾ തന്റെ മകനെയാണ് നമുക്ക് ചൂണ്ടിക്കാണിക്കുന്നത്.

● **ദൈവമാതാവ്:** എ.ഡി. 431-ലെ എഫേസൂസ് കൗൺസിൽ മറിയത്തെ 'തെയോതോക്കോസ്' (ദൈവമാതാവ്) എന്ന് ഔദ്യോഗികമായി വിളിച്ചു. അവൾ പ്രസവിച്ചത് ദൈവപുത്രനെയാണെന്ന സത്യം ഇത് ഉറപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ലൂമെൻ ജെൻസിയം' രേഖയിൽ പറയുന്നതുപോലെ, മറിയത്തിന്റെ മഹത്വം ക്രിസ്തുവിന്റെ മഹത്വത്തിൽ നിന്ന് ഒഴുകി വരുന്നതാണ്.

● **സഭയുടെ മാതൃക:** ഒരു സഭ എന്ന നിലയിൽ നാം എങ്ങനെയായിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് മറിയം. ദൈവത്തിന്റെ പദ്ധതിക്ക് മുൻപിൽ തന്നെത്തന്നെ സമർപ്പിച്ച വിശ്വാസത്തിലും, ദൈവസ്വരം ഹൃദയത്തിൽ സംഗ്രഹിച്ച അനുസരണത്തിലും അവൾ നമുക്ക് മാതൃകയാണ്.

### മേയ് മാസ വണക്കത്തിന്റെ പ്രത്യേകത

മേയ് മാസവണക്കം എന്നത് വൈകുന്നേരങ്ങളിൽ സന്ധ്യാപ്രാർത്ഥനയ്ക്കൊപ്പം പുസ്തകത്തിൽ നിന്ന് വായിച്ചു തീർക്കേണ്ട ഒരു ചടങ്ങല്ല. അതൊരു ഹൃദയ സംഭാഷണവും ആത്മീയ ജീവിതശൈലിയുമായി മാറണം.

● **വണക്കമാസം ഒരു ജീവിതശൈലി:** മെയ് മാസത്തിൽ മാതാവിനെ വണങ്ങുമ്പോൾ അവളിലെ പുണ്യങ്ങളെ നമ്മുടെ ജീവിതത്തിലേക്ക് ആവാഹിക്കാനാണ് ശ്രമിക്കേണ്ടത്. ദൈവഹിതത്തിന് പൂർണ്ണമായി വഴങ്ങിക്കൊടുത്ത മറിയത്തിന്റെ ജീവിതശൈലി നമ്മുടെ പ്രതിസന്ധികളിലും സന്തോഷങ്ങളിലും മാതൃകയാക്കണം.



● **സഭ നൽകുന്ന പ്രത്യേക കൃപകൾ:** ഈ മാസത്തിൽ സഭ പ്രത്യേക ദണ്ഡവിമോചനങ്ങൾ വാഗ്ദാനം ചെയ്യുന്നു. വിശുദ്ധ കുമ്പസാരത്തിലൂടെയും കുർബാന സ്വീകരണത്തിലൂടെയും ഈ കൃപകൾ സ്വന്തമാക്കി വിശ്വാസത്തെ കൂടുതൽ ദൃഢമാക്കാൻ സഭ ആഹ്വാനം ചെയ്യുന്നു.

● **മധ്യസ്ഥയും സംരക്ഷകയും:** സഭയുടെ പാരമ്പര്യത്തിൽ മറിയത്തെ 'സഹായി' എന്നും 'മധ്യസ്ഥ' എന്നും വിളിക്കുന്നു.

സെന്റ് ബർണാഡ് പഠിപ്പിക്കുന്നത് പോലെ, അമ്മയുടെ സംരക്ഷണം തേടി ഓടിയടുത്തവരിൽ ആരെയും അവൾ കൈവിട്ടിട്ടില്ല എന്ന ഉറപ്പാണ് ഈ വണക്കമാസത്തിന്റെ ആധാരശില.

### വണക്കമാസം കാലഘട്ടത്തിന്റെ ആവശ്യം

ഭൗതിക പുരോഗതിക്കിടയിലും ആന്തരിക ശൂന്യത അനുഭവിക്കുന്ന ആധുനിക മനുഷ്യന് മറിയം ഒരു ആത്മീയ ഔഷധമാണ്. പണ്ഡിതരുടെ കാഴ്ചപ്പാടിൽ പോലും മറിയം കാലഹരണപ്പെട്ടവളല്ല, മറിച്ച് പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നവളാണ്.

● **ആത്മീയ ഔഷധമായ നിശബ്ദത:** ഡിജിറ്റൽ ബഹളങ്ങൾക്കും വിവരപ്പെരുമഴയ്ക്കും ഇടയിൽ മറിയം പഠിപ്പിക്കുന്ന 'നിശബ്ദത' ഒരു വലിയ ചികിത്സയാണ്. മറിയത്തിന്റെ നിശബ്ദത വാക്കുകളുടെ അഭാവമല്ല, മറിച്ച് ദൈവസ്വരം കേൾക്കാനുള്ള മനസ്സിന്റെ തയ്യാറെടുപ്പാണ്. സ്വന്തം സ്വത്വം നഷ്ടപ്പെടുന്ന ആധുനിക മനുഷ്യന് തന്റെ ആത്മാവിലേക്ക് തിരിഞ്ഞുനോക്കാൻ മറിയത്തിന്റെ ഈ ധ്യാനാത്മക ശൈലി സഹായകരമാണ്.

● **മാനസികാരോഗ്യം:** അമിതമായ ഉത്കണ്ഠകളും സമ്മർദ്ദങ്ങളും അനുഭവിക്കുന്നവർക്ക് ദൈവഹിതത്തിന് മുൻപിൽ ശാന്തമായിരിക്കാൻ മറിയം മാതൃക നൽകുന്നു. നമ്മുടെ 'സ്ക്രീൻ ടൈമുകളെ' മാറ്റിനിർത്തി ആന്തരിക നിശബ്ദത പാലിക്കാൻ ഈ വണക്കമാസം നമ്മെ വെല്ലുവിളിക്കുന്നു

### കുടുംബത്തിലെ ആത്മീയത

സഭയുടെ ഏറ്റവും ചെറിയ ഘടകമായ കുടുംബത്തിലാണ് ആത്മീയത ആദ്യം പ്രതിഫലിക്കേണ്ടത്. പള്ളികളിലെ മദ്ബഹകളിൽ മാത്രമല്ല, വീടിന്റെ ഉമ്മറത്തും അടുക്കളയിലും വിശ്വാസം ജീവിക്കപ്പെടണം. ഈ മേയ് മാസത്തിൽ കുടുംബങ്ങളിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ ഇവയാണ്:

● **മരിയൻ കുടുംബ അൾത്താര:** വീടിന്റെ പ്രമുഖമായ ഒരിടത്ത് മാതാവിന്റെ രൂപം സ്ഥാപിക്കുകയും പൂക്കളാൽ അലങ്കരിക്കുകയും ചെയ്യുക. കുട്ടികളെക്കൊണ്ട് പൂക്കൾ അർപ്പിക്കാൻ ശീലിപ്പിക്കുന്നത് അവരിൽ മരിയഭക്തി വളർത്താൻ സഹായിക്കും.

● **ധ്യാനാത്മകമായ ജപമാല:** ജപമാല ചൊല്ലുന്നത് ഒരു യാന്ത്രിക പ്രക്രിയയാകരുത്. ഓരോ രഹസ്യത്തിനും മുൻപ് അനുയോജ്യമായ ബൈബിൾ വചനങ്ങൾ വായിക്കുന്നത് പ്രാർത്ഥനയുടെ ആഴം വർദ്ധിപ്പിക്കും.

● **കാരുണ്യപ്രവൃത്തികൾ:** മറിയം പാടിയ സ്തോത്രഗീതത്തിലെ ദൈവസ്നേഹം നമ്മുടെ ജീവിതത്തിലും പ്രതിഫലിക്കണം. അയൽപക്കത്തെ ദരിദ്രരെയോ രോഗികളെയോ സഹായിക്കുന്നത് ഈ മാസത്തിലെ ഏറ്റവും വലിയ വണക്കമായിരിക്കും.

● **ക്ഷമയുടെ മാസം:** കുടുംബാംഗങ്ങൾ തമ്മിലുള്ള പിണക്കങ്ങൾ തീർക്കാനും പരസ്പരം ക്ഷമിക്കാനും ഈ മാസം വിനിയോഗിക്കണം. കുരിശിൻചുവട്ടിലെ അമ്മയുടെ കരുത്ത് നമുക്കും ക്ഷമിക്കാനുള്ള പ്രചോദനമാകട്ടെ.

### നീതിയുടെ, സ്നേഹത്തിന്റെ പോരാളി

മറിയം അതീവ കരുത്തുള്ള സ്ത്രീയായിരുന്നു. ഗർഭിണിയായിരിക്കെ മലമ്പ്രദേശങ്ങളിലൂടെ എലിസബത്തിനെ സഹായിക്കാൻ ഓടിയെത്തിയ മറിയം 'സേവനത്തിന്റെ മാതൃകയാണ്'. ഇന്നത്തെ തലമുറയ്ക്ക് വേണ്ടത് ഈ പ്രവർത്തനക്ഷമതയുള്ള ഭക്തിയാണ്. സ്നേഹം എന്നത് വികാരമല്ല, മറിച്ച് കർമ്മമാണെന്ന് മറിയം നമുക്ക് കാണിച്ചുതരുന്നു. സഭയിലെ യുവാക്കൾക്ക് മാതൃകയാക്കാവുന്ന ഏറ്റവും മികച്ച വ്യക്തിത്വമാണ് മറിയം.

### വണക്കത്തിൽ നിന്ന് വളർച്ചയിലേക്ക്

മേയ് 31-ന് അവസാനിക്കേണ്ടതല്ല മെയ് മാസവണക്കം. മറിച്ച്, വർഷം മുഴുവൻ നീണ്ടുനിൽക്കേണ്ട ഒരു ആത്മീയ ശീലത്തിന്റെ തുടക്കമാണത്. അമ്മയുടെ വിരൽത്തുമ്പ് പിടിച്ച് നടക്കാൻ പഠിക്കുന്ന ഒരു കുട്ടി കാലക്രമേണ തനിയെ നടക്കാൻ ശീലിക്കുന്നു. അതുപോലെ മറിയം നമ്മെ ഈശോയെന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സഹായിക്കുന്നു.

## താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
## വിദ്യാഭ്യാസ സംഗമവും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പും നൽകി

# അറിവിൻ നാളങ്ങൾക്ക് ഹൃദയപൂർവം...



ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്
(കോർപ്പറേറ്റ് മാനേജർ)

മലബാറിൽ കുടിയേറിപ്പാർത്ത സുറിയാനി കത്തോലിക്കരുടെ ആത്മീയ പരിപാലനത്തിനു വേണ്ടി 1953 ൽ തലശ്ശേരി രൂപത സ്ഥാപിതമാവുകയും പ്രഥമ രൂപതാദ്ധ്യക്ഷനായി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ രൂപതയ്ക്കുണ്ടായ അഭൂതപൂർവ്വമായ വളർച്ച കണക്കിലെടുത്ത് രൂപത വിഭജിച്ച് മാനന്തവാടി, താമരശ്ശേരി രൂപതകൾ രൂപംകൊണ്ടു.

രൂപതയിലെ വിവിധ ഇടവകകളുടെ കീഴിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഏകീകൃതവുമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി 1967-ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി രൂപീകരിക്കപ്പെട്ടു. പ്രഥമ കോർപ്പറേറ്റ് മാനേജരായി ബഹു. ഫാ. സി. ജെ. വർക്കി നിയമിതനായി. 1972 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഫാ. മാത്യു എം. ചാലിൽ ചുമതലയേറ്റു. തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് 1980 ൽ മാനന്തവാടി കോർപ്പറേറ്റും 1987 ൽ താമരശ്ശേരി കോർപ്പറേറ്റും പ്രവർത്തനം ആരംഭിച്ചു.

താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം ആയിരുന്നു. തുടർന്ന് ഫാ. മാത്യു മറ്റക്കോട്ടിൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ സാരഥികളായി സ്തുത്യർഹ സേവനം കാഴ്ചവെച്ചു. 1987 ൽ 41 സ്കൂളുകളുമായി പ്രവർത്തനം ആരംഭിച്ച ഈ കോർപ്പറേറ്റിനുകീഴിൽ നിലവിൽ 12 ഹയർ സെക്കണ്ടറി സ്കൂളുകളും 20 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകളും 20 എൽ.പി. സ്കൂളുകളും അടക്കം 74 സ്കൂളുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. മൂല്യാധിഷ്ഠിതവും മാതൃകാപരവുമായ പ്രവർത്തനങ്ങളിലൂടെ അധ്യാപക-അനധ്യാപക സമൂഹത്തിന്റെയും രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പധികാരികൾ എന്നിവരുടെയും സഹകരണത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഭാവി തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പ്രതിജ്ഞാബദ്ധമാണ്.

പേജ് 10-ൽ തുടരുന്നു

## ആശംസകൾ



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
(താമരശ്ശേരി രൂപതയുടെ മെത്രാൻ)

അറിവും വിവേകവും പകർന്ന് പുതുതലമുറയെ രൂപപ്പെടുത്തി സമാധാന സാന്ദ്രമായ നവസംസ്കാരിക ലോകം രൂപപ്പെടുത്തിയെടുക്കുന്ന ശിൽപ്പികളാണ് അധ്യാപകർ. അധ്യാപകരുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും ഒരുവനെ വളർത്താനും തളർത്താനും കഴിയുമെന്നോർക്കണം. മകൻ എത്ര ഉന്നതനായാലും അമ്മയ്ക്ക് അവൻ എന്നും കുഞ്ഞുതന്നെയാണ്. വിദ്യാർഥികൾ എത്ര സമുന്നതരായാലും അധ്യാപകർക്ക് അവർ എന്നും ശിഷ്യരാണ്. എക്കാലവും തങ്ങളെ സ്മരണാർഹരാക്കുന്ന നല്ല അനുഭവങ്ങൾ പകരാൻ അധ്യാപകർക്കാകണം. നേരു പഠിപ്പിച്ച് നേർവഴി നടത്തുമ്പോഴാണ് അധ്യാപനം അർത്ഥപൂർണമാകുന്നത്.

അധ്യാപകരുടെ ചെറിയ പിഴവുകൾ പോലും സമൂഹത്തിൽ വലിയ മൂല്യശോഷണത്തിന് കാരണമാകും. അതുകൊണ്ട് തന്നെ അധ്യാപകന് സമൂഹത്തോട് വലിയ ബാധ്യതയുണ്ട്. ശകാരശരങ്ങൾതൊടുത്തും ശാപവാക്കുകൾ ഉയർത്തിയും ഒരുവനെയും നമുക്ക് നേടാനാകില്ല. ഹൃദയം മുറിച്ചേകുന്ന സ്നേഹവും പ്രത്യാശകളിലേയ്ക്കും പ്രതീക്ഷകളിലേയ്ക്കും വിരൽ ചൂണ്ടുന്ന കരുതലും വിടരുന്ന സ്വപ്നങ്ങൾക്ക് കാവലുമാകണം. അധ്യാപനം വേതനത്തിനായി ചെയ്യുന്ന കേവല സേവനം മാത്രമല്ല. അത് സമൂഹത്തിൽ നിറവേറ്റുന്ന മഹാദൗത്യമാണ്. മഹത്തരമായ ആ ദൗത്യം ഏറ്റം അർഥവത്തായി ചെയ്യാനാകണം.

നമ്മുടെ സ്കൂളുകളിൽ അധ്യാപനം അതിന്റെ പരിപൂർണ്ണതയിൽ പ്രാവർത്തികമാക്കി മുന്നേറുന്നുവെന്നാണ് ഞാൻ മനസിലാക്കുന്നത്. വർഷങ്ങളായി നമ്മുടെ സ്കൂളുകളുടെ വിജയശതമാനം അത് വ്യക്തമാക്കുന്നുണ്ട്. എല്ലാ സ്കൂളുകളും തുടർച്ചയായി നൂറ് ശതമാനം വിജയം നേടുന്നത് അഭിമാനകരമാണ്. പിടി.എ.യുടെ വലിയ സഹകരണവും ഈ വിജയത്തിനു പിന്നിലുണ്ട്. നിങ്ങളേവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ അറിയിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും ഏറെ മെച്ചപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ വിദ്യാലങ്ങളിലേറെയും ഹൈടെക് നിലവാരം പുലർത്തുന്നുണ്ട്. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് അക്കാര്യത്തിൽ ബദ്ധശ്രദ്ധനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്മുടെ വിദ്യാലങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പ്രവർത്തന മികവിന്റെ പാരമ്യതയിൽ മുന്നേറുകയാണ്.

എൽപി, യുപി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരെ ആദരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. സഹചരോട് നമുക്കുള്ള സ്നേഹത്തിന്റെ, കരുതലിന്റെ, ബഹുമാനത്തിന്റെ, നന്ദിയുടെ പ്രകടഭാവമാണ് ആദരവായി രൂപപ്പെടുന്നത്. അത് അർഹിക്കുന്ന പരിഗണനയോടെ തന്നെ നിങ്ങൾ നൽകുന്നുണ്ട്. വിരമിക്കുന്ന എല്ലാ ജീവനക്കാർക്കും ദൈവാനുഗ്രഹവും കൃപയുമുണ്ടാട്ടെ, തുർന്നള്ള വിശ്രമജീവിതം സർവ്വൈശ്വര്യങ്ങളാൽ ധന്യമാകട്ടെ. എല്ലാവർക്കും ആയുരാരോഗ്യ സൗഖ്യം ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിക്കുന്നവർ ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് എന്നിവരോടൊപ്പം



താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പുല്ലൂരാംപാറ ബഥാനിയായിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമത്തിൽ ജോസഫ് അന്നംകുട്ടി ജോസ് ക്ലാസ് എടുക്കുന്നു.

# ചരിത്രവഴിയിലൂടെ...

*പേജ് ഒമ്പതിൽ നിന്നു തുടർച്ച*

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ധരുൾപ്പെടുന്ന അഡ്വൈസറി ബോർഡിനെയും ഉദ്യോഗാർത്ഥികളിൽനിന്നും സ്വഭാവശുദ്ധിയും ഗുണമേന്മയും കാര്യശേഷിയുമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനായി ഒരു ഇന്റർവ്യൂ ബോർഡിനെയും അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിട്ടുണ്ട്. എഡ്യുക്കേഷണൽ ട്രസ്റ്റ് ഓഫ് ഡയസിസ് ഓഫ് താമരശ്ശേരി എന്ന രജിസ്റ്റേർഡ് ട്രസ്റ്റാണ് കോർപ്പറേറ്റ് സ്കൂളുകളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നത്. അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡണ്ട് ബഹു. വികാരി ജനറാളച്ചനാണ്. കോർപ്പറേറ്റ് മാനേജർ, രൂപതാചാൻസലർ, രൂപതാ ഫിനാൻസ് ഓഫീസർ എന്നിവർ ട്രസ്റ്റ് അംഗങ്ങളുമാണ്. നമ്മുടെ കോർപ്പറേറ്റിലെ മുഴുവൻ സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഏതൊരു പൊതുവിദ്യാലയത്തിനും മാതൃക ആക്കാൻ കഴിയുന്നവിധം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശിശു സൗഹൃദ ഭൗതിക സാഹചര്യങ്ങൾ മുഴുവൻ സ്കളൂകളിലും ലഭ്യമാക്കുന്നതിനുള്ള യത്നത്തിലാണ് കോർപ്പറേറ്റ് മാനേജ്മെന്റ്. 2025–ഓടെ മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ഏറ്റവും മികച്ച ആധുനിക കെട്ടിട സൗകര്യങ്ങൾ ഒരുക്കണമെന്ന അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തുകയാണ്. സെന്റ് ജോർജ്ജസ് ഹൈസ്കൂൾ വിലങ്ങാട്, സെന്റ് ആന്റണീസ് ഹൈസ്കൂൾ കണ്ണോത്ത്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കൂടരഞ്ഞി, സെന്റ് ജോർജ്ജസ് ഹൈസ്കൂൾ കുളത്തുവയൽ, സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ കൂടരഞ്ഞി എന്നീ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ, സെന്റ് ജോൺസ് ഹൈസ്കൂൾ നെല്ലിപ്പൊയിൽ, സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ, നസ്രത്ത് എൽ.പി.സ്കൂൾ മുത്തോറ്റിക്കൽ, സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ പന്തല്ലൂർ, കണ്ണോത്ത് ഹൈസ്കൂൾ, കരിങ്ങാട് എൽ.പി. സ്കൂൾ എന്നീ സ്കൂളുകളുടെ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണം കഴിഞ്ഞ വർഷങ്ങളിൽ പൂർത്തീകരിക്കുകയുണ്ടായി. കൂടാതെ, നെന്മേനി വിദ്യാ ജ്യോതി യു.പി. സ്കൂൾ, വിളക്കാംതോട് എം.എ.എം. യു.പി. സ്കൂൾ തുടങ്ങിയ സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയും പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂളിന്റെ നവീകരണപ്രവർത്തനങ്ങളും കല്ലാനോട് എൽ.പി. സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കോർപ്പറേറ്റ് സ്കൂളുകൾ ഏറെ മുന്നിട്ട് നിൽക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നുണ്ട്. പഠിതാക്കളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഈ വർഷം നടത്തിയ Talentia 2.0 മെഗാക്വിസ് മത്സരം വൻവിജയമായിരുന്നു. പഠനമികവ്, അച്ചടക്കം, മൂല്യാധിഷ്ഠിത വ്യക്തിത്വവികസനം, സർഗ്ഗശേഷി വികാസം എന്നീ രംഗങ്ങളിൽ പുതിയ അദ്ധ്യായം രചിക്കാനുള്ള സംഘയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ബഹു. മാനേജർ അച്ചന്മാർ, പ്രധാനധ്യാപകർ, അധ്യാപക – അനധ്യാപക ജീവനക്കാർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു. നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുന്ന 'കോർഡിയ', സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് കൈത്താങ്ങായ 'ഗുരുനിധി', കോർപ്പറേറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചികിത്സ സഹായം നൽകുന്ന 'അൽഫോൻസ സ്നേഹനിധി' എന്നിവ കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാരുടെ സാമുഹ്യ പ്രതിബദ്ധതയുടെ നേർസാക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകൾ നീണ്ട ഔദ്യോഗിക ജീവിതത്തിനുശേഷം സ്ഥാപനമേലധികാരികളായ 13 പ്രധാനധ്യാപകരും 24 അധ്യാപകരും 2 ഓഫീസ് ജീവനക്കാരും ഉൾപ്പടെ 39 പേർ ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുകയാണ്. അവരുടെ സ്തുത്യർഹ സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുകയും എല്ലാവിധ ആയുരാരോഗ്യസൗഖ്യങ്ങളും മംഗളങ്ങളും നേരുകയും ചെയ്യുന്നു.




ടാലൻഷ്യ 2.0–ൽ വിജയികളായവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, പ്രേം കുമാർ, ഫാ. ജോസഫ് പാലക്കാട്ട്, ഫാ. മനോജ് കൊല്ലംപറമ്പിൽ, ഡോ. ഷൈജു ഏലിയാസ്, റോഷൻ മാത്യു എന്നിവരോടൊപ്പം

## ആശംസകൾ



**മോൺ. അബ്രാഹം വയലിൽ**
(വികാരി ജനറൽ, താമരശ്ശേരി രൂപത)

താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പുല്ലൂരാംപാറ ബഥാനിയായിൽവെച്ച് ഈ വർഷത്തെ വിദ്യാഭ്യാസ സംഗമവും സർവ്വീസിൽനിന്ന് വിരമിക്കുന്ന അധ്യാപക–അനധ്യാപകർക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

ജീവിതത്തിന്റെ ആരോഗ്യ കാലമത്രയും ധർമ്മാധർമ്മ വ്യതിരിക്തതയ്ക്കും സത്യാസത്യ വ്യവഛേദനത്തിനും ഈ മണ്ണിൽ വെളിച്ചം പകരുന്നവരാണ് അധ്യാപകർ. ഒരോ അധ്യാപകനും ധർമ്മ സംരക്ഷകരാണ്. അതോടൊപ്പം നൂതന ധർമ്മനിർമ്മാതാക്കളുമാണ്. അധ്യാപനത്തിന്റെ മഹത്വവും അധ്യാപകന്റെ വലുപ്പവും തിരിച്ചറിയുമ്പോഴാണ് തങ്ങളുടെ കർമ്മത്തിൽ അഭിമാനിക്കുകയും വിനയാന്വിതരായി സമൂഹത്തിൽ മാതൃകയാകുകയും ചെയ്യുന്നത്. അറിവിലും കഴിവിലും സമൂഹം മികവു കാണുന്നതും പ്രതീക്ഷ വയ്ക്കുന്നതും അധ്യാപകരിലാണ്.

അറിവിന്റെ ലോകത്തിലേയ്ക്ക് കുഞ്ഞുങ്ങളെ കരം കൊടുത്തുയർത്തി മൂല്യബോധമുള്ള ജനതയാക്കി മാറ്റുന്ന ശിൽപ്പികളാണ് അധ്യാപകർ. ആ ദൗത്യം അതിന്റെ പൂർണതയിൽ ചെയ്തുതീർക്കാൻ അധ്യാപകർക്കാകട്ടെ.

ദീഘകാലത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കും അനധ്യാപകർക്കും തുടന്നുള്ള വിശ്രമ ജീവിത കലാഘട്ടം സന്തോഷപ്രദവും ദൈവാനുഗ്രഹപ്രദവുമാകട്ടെയെന്ന് ആശംസിക്കുന്നു.

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾ

### ഹയർ സെക്കൻഡറി സ്കൂളുകൾ

1. സെന്റ് മേരീസ് HSS കല്ലാനോട് 2. ഹോളി ഫാമിലി HSS കട്ടിപ്പാറ 3. സെന്റ് സെബാസ്റ്റ്യൻസ് HSS കൂടരഞ്ഞി 4. സെന്റ് ജോർജ് HSS കുളത്തുവയൽ 5. സെന്റ് മേരീസ് HSS മരുതോങ്കര 6. സേക്രട്ട് ഹാർട്ട് HSS തിരുവമ്പാടി 7. സെന്റ് ജോസഫ്സ് HSS കോടഞ്ചേരി 8. സെന്റ് ജോസഫസ് HSS പുല്ലൂരാംപാറ 9. ഹോളി ഫാമിലി HSS വേനപ്പാറ 10. സെന്റ് തോമസ് HSS കൂരാച്ചുണ്ട് 11. ഹോളി ഫാമിലി HSS പടത്തുകടവ് 12. സെന്റ് തോമസ് HSS തോട്ടുമുക്കം.

### ഹൈസ്കൂളുകൾ

1. സെന്റ് ജോസഫ്സ് HS ചെമ്പനോട 2. സെന്റ് മേരീസ് HS കക്കാടംപൊയിൽ 3. സെന്റ് മേരീസ് HS കല്ലാനോട് 4. സെന്റ് ആന്റണീസ് HS കണ്ണോത്ത് 5. ഹോളി ഫാമിലി HS കട്ടിപ്പാറ 6. സെന്റ് ജോസഫ്സ് HS കോടഞ്ചേരി 7. സെന്റ് സെബാസ്റ്റ്യൻസ് HS കൂടരഞ്ഞി 8. സെന്റ് തോമസ് HS കൂരാച്ചുണ്ട് 9. സെന്റ് ജോർജ് HS കുളത്തുവയൽ 10. പി. ടി. ചാക്കോ മെമ്മോറിയൽ HS കുണ്ടുതോട് 11. സെന്റ് ജോൺസ് HS നെല്ലിപൊയിൽ 12. ഹോളി ഫാമിലി HS പടത്തുകടവ് 13. സെന്റ് ജോസഫ്സ് HS പുല്ലൂരാംപാറ 14. സെന്റ് സെബാസ്റ്റ്യൻസ് HS പുന്നയ്ക്കൽ 15. സേക്രട്ട് ഹാർട്ട് HS തിരുവമ്പാടി 16. സെന്റ് തോമസ് HS തോട്ടുമുക്കം 17. സെന്റ് ജോർജ് HS വിലങ്ങാട് 18. മേരിഗിരി HS മരഞ്ചാട്ടി 19. സെന്റ് മേരീസ് HS മരുതോങ്കര 20. ഹോളി ഫാമിലി HS വേനപ്പാറ

### യുപി സ്കൂളുകൾ

1. സെന്റ് മേരീസ് UPS ആനക്കാംപൊയിൽ 2. നിർമ്മല UPS ചമൽ 3. സെന്റ് ജോസഫ്സ് UPS ചെമ്പനോട 4. ഹോളി ഫാമിലി UPS ചങ്ങരോത്ത് 5. സെന്റ് തോമസ് UPS കല്ലുരുട്ടി 6. സെന്റ് ആന്റണീസ് UPS കണ്ണോത്ത് 7. നസ്രത്ത് UPS കട്ടിപ്പാറ 8. നിർമ്മല UPS കാറ്റുള്ളമല 9. സെന്റ് തോമസ് UPS കൂരാച്ചുണ്ട് 10. വിമല UPS മഞ്ഞുവയൽ 11. സെന്റ് ജോസഫ്സ് UPS മൈലെള്ളാംപാറ 12. വിദ്യാജ്യോതി UPS നെന്മേനി 13. ഫാത്തിമ UPS മരിയാപുരം 14. ലിറ്റിൽ ഫ്ളവർ UPS പശുക്കടവ് 15. ഫാത്തിമ AUPS പെരുവണ്ണാമുഴി 16. ഐ.സി. UPS പൂഴിത്തോട് 17. സെന്റ് ജോസഫ്സ് UPS പുല്ലൂരാംപാറ 18. ലിറ്റിൽ ഫ്ളവർ UPS പുഷ്പഗിരി 19. സെന്റ് തോമസ് UPS തെയ്യപ്പാറ 20. സേക്രട്ട് ഹാർട്ട് UPS തിരുവമ്പാടി 21. ലിറ്റിൽ ഫ്ളവർ UPS വേനപ്പാറ 22. എം. എ. എം. UPS വിളക്കാംതോട്

### എൽ പി സ്കൂളുകൾ

1. സെന്റ് തോമസ് LPS ആനക്കുളം 2. സെന്റ് ആന്റണീസ് LPS ചക്കിട്ടപ്പാറ 3. സെന്റ് മേരീസ് LPS കല്ലാനോട് 4. സെന്റ് മേരീസ് LPS കരിങ്ങാട് 5. സെന്റ് ജോസഫ്സ് LPS കോടഞ്ചേരി 6. സെന്റ് സെബാസ്റ്റ്യൻസ് LPS കൂടരഞ്ഞി 7. സെന്റ് ജോസഫ്സ് LPS കൂടത്തായി 8. സെന്റ് ജോർജ് LPS കുളത്തുവയൽ 9. സെന്റ് ജോസഫ്സ് LPS മാലാപറമ്പ് 10. സെന്റ് മേരീസ് LPS മരുതോങ്കര 11. സെന്റ് സെബാസ്റ്റ്യൻസ് LPS മുത്തപ്പൻപുഴ 12. നസ്രത്ത് LPS മൂത്തോറ്റിക്കൽ, കട്ടിപ്പാറ 13. പുഷ്പ LPS നരിനട 14. സെന്റ് തോമസ് LPS നീലേശ്വരം 15. സെന്റ് ജോസഫ്സ് LPS പന്തല്ലൂർ 16. സെന്റ് ജോസഫ്സ് LPS പൂതംപാറ 17. ലിറ്റിൽ ഫ്ളവർ LPS പുഷ്പഗിരി 18. ALPS തലയാട് 19. ഫാത്തിമ മാതാ LPS തേക്കുംകുറ്റി 20. എം.എ.എം. LPS വിളക്കാംതോട്



## നവീകരിച്ച കോർപ്പറേറ്റ് സ്കൂളുകൾ



Vidhya Jyothi UPS- Nenmeni

M A M LPS Vilakamthode

# സംവരണത്തിലെ കാണാപ്പുറങ്ങൾ

ശരാശരി വരുമാനം മാത്രമുള്ള മലയോര സുറിയാനി കർഷകന്റെ മക്കൾ കോളജ് പ്രവേശനത്തിനും സർക്കാർ ജോലികൾക്കും ശ്രമിക്കുമ്പോൾ എണ്ണപ്പെടുന്നത് ഇന്ത്യയിലെ ഉപരിവർഗ്ഗത്തിന് ഒപ്പമാണ്

**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**



സംവരണം തങ്ങളുടെ ഭരണഘടനപരമായ അവകാശമാണെന്ന് സംവരണാനുകൂലികളും എടുത്തുമാറ്റേണ്ട സമയമായി എന്ന് സംവരണ വിരുദ്ധരും അവകാശപ്പെടുന്നു. 2026 സീറോ മലബാർ സഭ സമുദായ ശാക്തീകരണ വർഷമായി ആചരിക്കുമ്പോൾ ഈ വിഷയം തീർച്ചയായും പരിശോധിക്കപ്പെടണം. സർക്കാർ ഉദ്യോഗങ്ങളിൽ പുതുതലമുറ കടന്നുവരാതെ അവർ കടൽ കടക്കുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങളിലൊന്ന് സംവരണം തന്നെയാണ്.

## സംവരണത്തിന്റെ ചരിത്രം

സംവരണം എന്ന ആശയം ഇന്ത്യയിൽ നടപ്പാക്കാൻ പ്രധാന പങ്കു വഹിച്ചത് ഭരണഘടന ശില്പിയായ ഡോ. അംബേദ്കറാണ്. ഇന്ത്യൻ ഭരണഘടന 1950–ൽ നിലവിൽ വന്നപ്പോൾ ആർട്ടിക്കിൾ 15 (4) പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു. ഇത് പ്രകാരം സർക്കാർ, വിദ്യാഭ്യാസ/തൊഴിൽ അവസരങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 15 ശതമാനവും പട്ടിക വർഗ്ഗ വിഭാഗത്തിന് 7.5 ശതമാനവും സംവരണം നിശ്ചയിക്കപ്പെട്ടു. അതായത് 22.5% സീറ്റുകൾ സംവരണത്തിലും 77.5% മെറിറ്റ് സീറ്റുകൾ അടിസ്ഥാനത്തിലുമായിരുന്നു. തീർച്ചയായും ഈ സംവരണം നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട വിഭാഗത്തിന് സാമൂഹ്യനീതിയും ഒപ്പം തന്നെ മെറിറ്റിന് പ്രാധാന്യവും നൽകി.

മേൽപ്പറഞ്ഞ സംവരണരീതി അടിമുടി മാറിയത് 1990ൽ അന്നത്തെ പ്രധാനമന്ത്രിയായ വി. പി. സിങ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതോടുകൂടിയാണ്. അത് പ്രകാരം മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് (ഒബിസി) 27 ശതമാനം സംവരണം അനുവദിക്കപ്പെട്ടു. നേരത്തെയുള്ള 22.5 ശതമാനം പട്ടികജാതി, പട്ടികവർഗ്ഗ സംവരണത്തോടൊപ്പം ഇതുകൂടി ചേർന്നപ്പോൾ ആകെ സംവരണം 49.5 ശതമാനമായി. ബാക്കി മെറിറ്റിൽ അവശേഷിച്ചത് 50.5 ശതമാനം സീറ്റുകൾ മാത്രം.

## സുറിയാനി ക്രൈസ്തവർ പിന്തള്ളപ്പെട്ടപ്പോൾ

1990ലെ മണ്ഡൽ കമ്മീഷൻ ആനുകൂല്യങ്ങൾ മറ്റു വിഭാഗങ്ങൾക്ക് കൊടുത്തു എന്നതിലല്ല അർഹരായ സുറിയാനി ക്രൈസ്തവർക്ക് അത് നേടിയെടുക്കാൻ സാധിച്ചില്ല എന്നതിലാണ് വേദന. മലയോരത്ത് കുറച്ചു ഭൂസ്വത്ത് ഉണ്ടെന്നുള്ള കാരണത്താലും രാഷ്ട്രീയ സമ്മർദ്ദശക്തിയായി അവകാശങ്ങൾ നേടിയെടുക്കാൻ സാധിക്കാത്തതിനാലും സംവരണം ഈ വിഭാഗത്തിന് നിഷേധിക്കപ്പെട്ടു.

## അനന്തരഫലങ്ങൾ

സംവരണത്തിന്റെ സ്വാധീനം ഒരു വിദ്യാർത്ഥി പ്ലസ്ടു കഴിഞ്ഞ് കോളജ് പ്രവേശനത്തിന് ശ്രമിക്കുമ്പോൾ മുതൽ പ്രകടമാണ്. നീറ്റ്, ഐഐടി തുടങ്ങിയ പ്രമുഖ പ്രവേശന പരീക്ഷകൾക്ക് സംവരണം ഇല്ലാത്ത ജനറൽ കാറ്റഗറി വിഭാഗത്തിനുള്ള ഉയർന്ന കട്ട് ഓഫ് മാർക്കുകളിൽ നിന്ന് ഇത് കൃത്യമായി മനസ്സിലാക്കാം. കോളജ് വിദ്യാഭ്യാസത്തിനുശേഷം സർക്കാർ ജോലിക്ക് ശ്രമിക്കുമ്പോൾ വീണ്ടും സംവരണം പ്രധാനഘടകമായി മാറും. ജനറൽ കാറ്റഗറി വിദ്യാർത്ഥി ഐഎഎസ് നേടണമെങ്കിൽ സിവിൽ സർവീസ് പരീക്ഷയിൽ ആദ്യ 100 റാങ്കിൽ എങ്കിലും ഇടം പിടിക്കണം എന്നാൽ ഒബിസി കാറ്റഗറി വിദ്യാർത്ഥികൾ 300 റാങ്ക് ആണെങ്കിലും ഇത് നേടിയെടുക്കാം.

ശരാശരി വരുമാനം മാത്രമുള്ള മലയോര സുറിയാനി കർഷകന്റെ മക്കൾ കോളജ് പ്രവേശനത്തിനും സർക്കാർ ജോലികൾക്കും ശ്രമിക്കുമ്പോൾ എണ്ണപ്പെടുന്നത് ഇന്ത്യയിലെ ഉപരിവർഗ്ഗത്തിന് ഒപ്പമാണ്.

## സാമ്പത്തിക സംവരണം എന്ന പിടിവള്ളി

സംവരണം ഇല്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കേന്ദ്രസർക്കാർ 2019 ഏർപ്പെടുത്തിയതാണ് സാമ്പത്തിക സംവരണം (EWS). ഇത്തരം വിഭാഗങ്ങൾക്ക് 10% ആണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുകൂടി ചേർക്കപ്പെട്ടതോടുകൂടി സംവരണ നില 64.5 ശതമാനമായി ഉയർന്നു. (പട്ടികജാതി–15% പട്ടികവർഗ്ഗം–7.5% , ഒബിസി–27%, ഈഡബ്ല്യു എസ് 10 ശതമാനം അംഗപരിമിതർ 5%)

എന്നാൽ സാമ്പത്തിക സംവരണത്തിലെ പല നിബന്ധനകളും നീതിപൂർവ്വമല്ലാത്തതിനാൽ പലരും അയോഗ്യരാക്കപ്പെട്ടു. സംവരണം നേടാനുള്ള മാനദണ്ഡങ്ങളായ വീടിന്റെ വിസ്തീർണ്ണവും വീട് ഇരിക്കുന്ന പുരയിടത്തിന്റെ ഏരിയയും നിശ്ചയിച്ചിരിക്കുന്നത് ഉത്തരേന്ത്യൻ ജീവിത ക്രമപ്രകാരമാണ്.

## സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കാം

സാമ്പത്തിക സംവരണത്തിന്റെ മാനദണ്ഡങ്ങൾ സമുദായ അംഗങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പുനർനിർണയിക്കാൻ സർക്കാരിനോട് സമുദായിക സംഘടനകൾ ആവശ്യപ്പെടണം. സഭ സമുദായ ശാക്തീകരണ വർഷം ആചരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകാം.

*(കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള കാസർഗോഡ് ഐസിഎആർ– സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*

# ക്വിസ് കോർണർ 2026



## 2026 മേയ് – ജൂൺ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. മയക്കുമരുന്ന് വ്യാപാരികളെ ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ചത് എങ്ങനെ?
2. കേരളത്തിലെ എൻജിനീയറിങ് വിജയ ശതമാനം കുറയാൻ കാരണം എന്ത്?
3. താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സ്ഥാപിതമായത് ഏത് വർഷം?
4. വി. പി. സിങ് മണ്ഡൽ പ്രധാനമന്ത്രിയായ വർഷം ഏത്?
5. സംവരണം എന്ന ആശയം ഇന്ത്യയിൽ നടപ്പാക്കാൻ പ്രധാന പങ്കു വഹിച്ചത് ആര്?
6. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന വർഷം ഏത്?
7. മദ്യ–ലഹരി മുക്ത സഭയും സമൂഹവും എന്ന ആപ്ത വാക്യം ആരുടേതാണ്?
8. രാസലഹരികൾ മസ്തിഷ്കത്തിലെ എന്തിനെയെല്ലാമാണ് തകരാറിലാക്കുന്നത്?
9. പിഎസ്‌സി, യുപിഎസ്‌സി തുടങ്ങിയ പരീക്ഷകളുടെ അടിസ്ഥാന യോഗ്യത എന്ത്?
10. താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മനേജറുടെ പേര് എന്ത്?

**ഉത്തരങ്ങൾ 2026 ജൂൺ 18 ന് മുമ്പ് ലഭിക്കണം**

*2026 മാർച്ച്–ഏപ്രിൽ ലക്കം വിജയികളായവർ:*

● **ഒന്നാം സമ്മാനം, 1000 രൂപ**
**ദീപ മാത്യു**
**ചേന്നമറ്റത്തിൽ, മരിയാപുരം**

● **രണ്ടാം സമ്മാനം, 500 രൂപ**
**ജുവൽ മേരി**
**ചെന്നാത്ത്, താമരശ്ശേരി**

● **മൂന്നാം സമ്മാനം, 250 രൂപ**
**ആനീസ് ജോർജ്**
**കുന്നുംപുറത്ത് കോടഞ്ചേരി**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## മാർച്ച് – ഏപ്രിൽ ലക്കം ഉത്തരങ്ങൾ

1.ക്രൈസ്തവ പുരോഹിതർ,2.സഹകരണ മനോഭാവവും മാനസിക കരുത്തും വളർത്തുന്നതിന് വേണ്ടി, 3.ദൈവവചനമാകുന്ന വാൾ വഴി, 4. ജീവിത നവീകരണത്തിന്, 5.സ്പോർട്സ് ഹണ്ട്, 6. ഇന്ത്യൻ റെയിൽവേ, 7. സാജി ജോൺ, 8.ഒരുവന്റെ ആന്തരിക പരിവർത്തനം, 9. കുരിശ്, 10. 2010

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**


1
2
3
4
5
6
7
8
9
10

പേര്: ........................................
വീട്ടുപേര്: ........................................
ഇടവക: ........................................
ഫോൺ: ........................................

മലബാർ വിഷൻ


## പുസ്തക പരിചയം

### ഓർമ്മച്ചില്ലകളിലെ മർമ്മരങ്ങൾ



മുതിർന്ന മാധ്യമപ്രവർത്തകൻ കെ.എഫ്. ജോർജ് തന്റെ ദീർഘകാല പത്രപ്രവർത്തന ജീവിതത്തിലെ അനുഭവങ്ങളെയും നിരീക്ഷണങ്ങളെയും കോർത്തിണക്കി രചിച്ച കൃതി. പത്രപ്രവർത്തനത്തെ സർഗ്ഗാത്മകമായി സമീപിക്കുന്ന രീതിയും, നാടിന്റെ സാമൂഹിക മാറ്റങ്ങളിൽ മാധ്യമപ്രവർത്തകൻ വഹിക്കുന്ന പങ്കും ഈ അനുഭവക്കുറിപ്പുകളിൽ വ്യക്തമായി അടയാളപ്പെടുത്തുന്നു. കഴിഞ്ഞുപോയ കാലത്തിന്റെ ചരിത്രത്തെയും അക്കാലത്തെ മാധ്യമരംഗത്തെയും വരുംതലമുറയ്ക്കായി വസ്തുതാപരമായി രേഖപ്പെടുത്തുന്ന ഒരു മികച്ച ഗ്രന്ഥമാണിത്.

### ടണൽ @ പള്ളിവാസൽ



രാജ്യത്തെ പല പ്രധാന പ്രൊജക്ടുകളിലും വിവിധ നിലകളിൽ ജോലി ചെയ്ത എൻജിനീയർ ജേക്കബ് ജോസ് മുതിരേന്തിക്കൽ രചിച്ച നോവൽ. കേരളത്തിലെ റോഡുകളുടെയും കുടിവെള്ള പൈപ്പുകളുടെയും ജലവൈദ്യുത പദ്ധതികളുടെയും ദുഃസ്ഥിതിയുടെ കാരണങ്ങളും അവയുടെ പരിഹാര മാർഗങ്ങളും എന്തെന്ന് ആസൂത്രകർക്കും സാങ്കേതിക വിദഗ്ധർക്കും പൊതുപ്രവർത്തകർക്കും ഈ നോവലിൽ വിശദീകരിക്കുന്നു. കോഴിക്കോട് ലിപി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചിരിക്കുന്നു.
കോപ്പികൾക്ക്: **8281405920**

## സ്റ്റാർട്ട് അക്കാദമി: ബിരുദദാനം നടത്തി

**കോഴിക്കോട്** ● സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ (സ്റ്റാർട്ട്) ഇരുപതാമത് വാർഷികാഘോഷവും സർട്ടിഫിക്കറ്റ് വിതരണവും വിവിധ പരിപാടികളോടെ നടത്തി.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യാതിഥിയായിരുന്നു. വിശ്വാസം, അറിവ്, സേവനം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് ഉത്തരവാദിത്തമുള്ള വ്യക്തികളായി വളരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബിഷപ് ഓർമ്മിപ്പിച്ചു.

അക്കാദമി ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, വിദ്യാർഥികളായ നിർമ്മൽ ബെന്നറ്റ്, ഫ്രാൻസിസ് ആന്റണി, അന്ന ചെറിയാൻ, ഷിൻസി ഷിജു, ആൽബിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. വാർഷികാഘോഷത്തിന്റെ ഭാഗമായി 'സ്റ്റാർട്ട് എക്സലൻസ് അവാർഡ്' വിതരണവും, 'മാർ പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ അവാർഡ്' ലോഞ്ചും നടന്നു. തുടർന്ന് വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ബിഷപ് വിതരണം ചെയ്തു. വിദ്യാർത്ഥി പ്രതിനിധി ഐറിൻ മരിയ എലിസബത്ത് നന്ദി പറഞ്ഞു.



സ്റ്റാർട്ട് ഇരുപതാമത് വാർഷികാഘോഷവും സർട്ടിഫിക്കറ്റ് വിതരണവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

## സ്റ്റാർട്ടിൽ 'അറൈസ് 2k26' അവധിക്കാല ക്യാമ്പ്

**കോഴിക്കോട്** ● താമരശ്ശേരി രൂപതയുടെ കീഴിലുള്ള സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്ങ് (സ്റ്റാർട്ട്) സംഘടിപ്പിച്ച 'അറൈസ് 2k26' പരിശീലന ക്യാമ്പിന്റെ സമാപന സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥികളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ പുറത്തെടുക്കാനും അവരെ ആത്മവിശ്വാസമുള്ളവരാക്കി മാറ്റാനുമാണ് 'സ്റ്റാർട്ട്' ലക്ഷ്യമിടുന്നത്. അക്കാദമി ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ, ആൻഡ്രിൻ എന്നിവർ പ്രസംഗിച്ചു.

പരിശീലനം നേടിയവർക്ക് സർട്ടിഫിക്കറ്റുകളും വിവിധ മത്സരവിജയികൾക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു. ക്യാമ്പ് അംഗങ്ങളായ കരോലിൻ, ജോയൽ ബെന്നി അനുഭവങ്ങൾ പങ്കുവച്ചു.

## ബഥാനിയായിൽ കുട്ടികൾക്കായി അവധിക്കാല ധ്യാനങ്ങൾ

**പുല്ലൂരാംപാറ** ● ബഥാനിയ റിന്യൂവൽ സെന്ററിൽ കുട്ടികൾക്കായി അവധിക്കാല ധ്യാനങ്ങൾ സംഘടിപ്പിക്കുന്നു. ദൈവവചനത്തിന്റെ വെളിച്ചത്തിൽ കുട്ടികളെ വിശുദ്ധ ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ധ്യാനങ്ങൾ ഒരുക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ ആരംഭിച്ചു.

ധ്യാനങ്ങളുടെ സമയക്രമം താഴെ നൽകുന്നു: പ്ലസ് ടു (+2) കുട്ടികൾക്ക്: രണ്ട് ബാച്ചുകളിലായി മെയ് 4 മുതൽ 7 വരെയും, മെയ് 8 മുതൽ 11 വരെയും നടക്കും. യുപി സ്കൂൾ വിഭാഗം (5, 6, 7 ക്ലാസ്സുകൾ): മെയ് 17 മുതൽ 20 വരെ ഹെസദ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കും.ധ്യാനത്തിന് വരുന്ന കുട്ടികൾ ബൈബിൾ, നോട്ട്ബുക്ക്, പേന, വസ്ത്രങ്ങൾ, വാട്ടർ ബോട്ടിൽ, ബെഡ്ഷീറ്റ് തുടങ്ങിയ അവശ്യ സാധനങ്ങൾ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 9539884280, 9539535364.

## മാതൃവേദി സ്കിറ്റ് മത്സരം: താമരശ്ശേരി രൂപത ഒന്നാമത്



സീറോ മലബാർ ഗ്ലോബൽ മാതൃവേദി സാമുദായിക വർഷത്തോടെനുബന്ധിച്ച് സംഘടിപ്പിച്ച സ്കിറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ താമരശ്ശേരി മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ജിനോയ് പനയ്ക്കലിന്റെ നേതൃത്വത്തിൽ ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനിയിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങുന്നു.

**താമരശ്ശേരി** ● സീറോ മലബാർ ഗ്ലോബൽ മാതൃവേദി സാമുദായിക വർഷത്തോടെനുബന്ധിച്ച് സംഘടിപ്പിച്ച സ്കിറ്റ് മത്സരത്തിൽ താമരശ്ശേരി രൂപത ഒന്നാം സ്ഥാനം നേടി.

തലശ്ശേരി സന്ദേശ് ഭവനിൽ നടന്ന ഗ്ലോബൽ മാതൃവേദി യോഗത്തിൽ തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനിയിൽ നിന്ന് താമരശ്ശേരി രൂപത ഭാരവാഹികൾ പുരസ്കാരം ഏറ്റു വാങ്ങി. പാറോപ്പടി ഇടവക മാതൃവേദി അംഗങ്ങളാണ് സ്കിറ്റ് അവതരിപ്പിച്ചത്.

## മതബോധന സ്കോളർഷിപ്പ്: വിജയികളെ പ്രഖ്യാപിച്ചു

**താമരശ്ശേരി** ● രൂപതാ വിശ്വാസപരിശീലന കേന്ദ്രം 4, 7, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ രൂപതതല സ്കോളർഷിപ്പ് പരീക്ഷാ ഫലങ്ങൾ പ്രഖ്യാപിച്ചു. വിജയികൾ ഒരൊറ്റനോട്ടത്തിൽ:

**പത്താം ക്ലാസ്** ● ഒന്നാം റാങ്ക്: ക്രിസ്റ്റി തറപ്പേൽ (കണ്ണോത്ത്) ● രണ്ടാം റാങ്ക്: ആൻ മരിയ ജസ്റ്റിൻ നെടുംപുറത്ത് (വേനപ്പാറ) ● മൂന്നാം റാങ്ക്: ജോഹാൻ അജിമോൻ കുഴിക്കാട്ട് (മരഞ്ചാട്ടി)

**ഏഴാം ക്ലാസ്** ● ഒന്നാം റാങ്ക്: ഇസബെൽ ആൻ പുതിയേടത്ത് (കോടഞ്ചേരി) ● രണ്ടാം റാങ്ക്: നേഹ ആൻ മാത്യു വെട്ടം (മരിയാപുരം) ● മൂന്നാം റാങ്ക്: അന്നമ്മ അരിമറ്റംവയലിൽ (മഞ്ഞക്കുന്ന്)

**നാലാം ക്ലാസ്** ● ഒന്നാം റാങ്ക്: എലൈസ വെട്ടുകല്ലുംപുറത്ത് (കോടഞ്ചേരി) ● രണ്ടാം റാങ്ക്: 1. ലെയ അന്ന ജോസഫ് വേരനാക്കുന്നേൽ (ആനക്കാംപൊയിൽ) 2. ആൽബർട്ട് ജോസ് ചിങ്ങന്തോട്ടത്തിൽ (ദേവഗിരി) ● മൂന്നാം റാങ്ക്: ഗോഡ്വിൻ ജിയോ വിൻസെന്റ് വട്ടമറ്റം (കുണ്ടുതോട്).

## യൂദിത്ത് ഫോറം വാർഷിക സമ്മേളനം

**താമരശ്ശേരി** ● താമരശ്ശേരി രൂപതയിൽ പ്രവർത്തിക്കുന്ന വിധവകളുടെയും ഏകസ്ഥരുടെയും സംഘടനയായ യൂദിത്ത് ഫോറത്തിന്റെ വാർഷിക സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

സ്കൈ ചൈൽഡ് സംഘടനയുടെ സഹസ്ഥാപകയും മോട്ടിവേഷണൽ സ്പീക്കറുമായ ശാന്തി ബിജു ക്ലാസ് എടുത്തു. പൊതുസമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. മേരിമാത കത്തീഡ്രൽ വികാരി ഫാ. തോമസ് ചിലമ്പിക്കുന്നേൽ, രൂപതാ ആനിമേറ്റർ സിസ്റ്റർ റെനി ജോസ് സിഎംസി, ആരാധന സന്യാസിനി സമൂഹം താമരശ്ശേരി പ്രൊവിൻസ് സുപ്പീരിയർ സിസ്റ്റർ ആനീസ് എസ്എബിഎസ്, രൂപതാ പ്രസിഡന്റ് മേരി പൗലോസ് വിലങ്ങുപാറ, സിസ്റ്റർ മെൽവിൻ എസ്എബിഎസ് എന്നിവർ സംസാരിച്ചു.

സിസ്റ്റർ ജാൻസി മരിയ എഫ്സിസി, സിസ്റ്റർ റോസ് എസ്ഡി, സിസ്റ്റർ റോണിറ്റ എസ്എച്ച്, സിസ്റ്റർ ഗീത സിഎംസി, സിസ്റ്റർ സാലി സിഎംസി തുടങ്ങിയവർ നേതൃത്വം നൽകി. മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് മരിയപുരം ശാഖ കരസ്ഥമാക്കി. ഏറ്റവും നല്ല ആനിമേറ്റർക്കുള്ള അവാർഡ് സിസ്റ്റർ ഗീത സിഎംസി നേടി.

**മലബാർ വിഷൻ മാട്രിമോണിയൽ**



ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയൊടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്.
വ്യക്തി വിവരങ്ങളും ഫോട്ടോയും
97 44 99 555 3 എന്ന നമ്പറിലേക്ക് വാട്സാപ് ചെയ്യൂ.

## നേട്ടം



● കർണാടക രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിൽ നിന്നും ഹോമിയോപ്പതിക് പിജി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ മെർലിൻ ലിസ ജെയിംസ്. മംഗളൂരു ഫാ. മുള്ളർ ഹോമിയോപ്പതിക് മെഡിക്കൽ കോളജിലെ അസി. പ്രഫസറാണ്. പരിയാപുരം കൂത്രപ്പള്ളി ജെയിംസിന്റെയും എം. ടി. ലൈസമ്മയുടെയും മകളാണ്.



● ചാർട്ടേഡ് അക്കൗണ്ടന്റ് (CA) പരീക്ഷയിൽ മികച്ച വിജയം നേടിയ അലീന ജയിൻ. വെറ്റിലപ്പാറ തെരുവത്ത് ജയിൻ–ഷീന ദമ്പതികളുടെ മകൾ.



● അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ്സ് പരീക്ഷയിൽ മികച്ച വിജയം നേടിയ അശിൻ റെജി. വെറ്റിലപ്പാറ ചിറയിൽ റെജി–സിമി ദമ്പതികളുടെ മകൻ.



● യൂത്ത് കോൺഗ്രസ് കൂരാച്ചുണ്ട് മണ്ഡലം കമ്മിറ്റി ഏർപ്പെടുത്തിയ ഐ. സി. ഏലിക്കുട്ടി മെമ്മോറിയൽ മഹിളാശ്രീ പുരസ്ക്കാരം നേടിയ ഹിമ സുബിൻ കൂനംന്തടത്തിൽ. കാസർകോട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ്. ഭർത്താവ്: സുബിൻ കൂനംതടത്തിൽ



● കത്തോലിക്കാ കോൺഗ്രസ് (AKCC) യൂത്ത് കൗൺസിലിന്റെ ഗ്ലോബൽ കോ–ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട അഭിലാഷ് കുടിപ്പാറ. മഞ്ഞക്കുന്ന് കുടിപ്പാറ ബാബു–സിനി ദമ്പതികളുടെ മകൻ. പശുക്കടവ് ലിറ്റിൽ ഫ്ളവർ യുപി സ്കൂൾ അധ്യാപകനാണ്.

### മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ

# അധ്യാപകർക്ക് വലിയ പങ്ക്: ബിഷപ്



താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച അധ്യാപക സംഗമവും യാത്രയയപ്പ് സമ്മേളനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

**പുല്ലൂരാംപാറ** ● നാം ജീവിക്കുന്ന കാലഘട്ടം വെല്ലുവിളികളുടേതാണെന്നും ഇവിടെ മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നത് അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്തവും വെല്ലുവിളിയുമാണെന്നും അന്ധകാര ശക്തികളുടെ കടന്നുകയറ്റത്തിനെതിരെ കരുതിയിരിക്കണമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ.

താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച അധ്യാപക സംഗമവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾസ് & ഹെഡ്മാസ്റ്റേർസ് ഫോറം സെക്രട്ടറി റോഷിൻ മാത്യു, പ്രധാനാധ്യാപകരായ കെ. യു. ബെസി, ജോളി ജോസഫ്, കെ. മഹേഷ്, ബാബു വർഗീസ് എന്നിവർ പ്രസംഗിച്ചു.

വിദ്യാഭ്യാസ സെമിനാറിൽ ഗ്രന്ഥകാരനും മോട്ടിവേഷണൽ സ്പീക്കറുമായ ജോസഫ് അന്നംകുട്ടി ജോസ് അധ്യാപകരുമായി സംവദിച്ചു. ബന്ധങ്ങൾക്ക് വില കൊടുക്കണമെന്നും അധ്യാപക സമൂഹം കൂടുതൽ വിട്ടുവീഴ്ചകൾക്ക് തയ്യാറാകണമെന്നും ജോസഫ് അന്നംകുട്ടി ജോസ് പറഞ്ഞു. ഒരു അധ്യാപകൻ എന്തായിരിക്കുന്നു എന്നതാണ് എന്ത് പഠിപ്പിക്കുന്നു എന്നതിനേക്കാൾ പ്രധാനമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് യുപി സ്കൂൾ പ്രധാനാധ്യാപകൻ സിബി കുര്യാക്കോസ്, കോടഞ്ചേരി സെന്റ് ജോസഫ്സ് ഹൈസ്കൂൾ പ്രധാന അധ്യാപകൻ ബിനു ജോസ് എന്നിവർ പ്രസംഗിച്ചു.

ഈ അധ്യയന വർഷം ജോലിയിൽ നിന്ന് വിരമിക്കുന്ന 39 അധ്യാപക അനധ്യാപക ജീവനക്കാർക്ക് യാത്രയയപ്പ് നൽകി.

## ക്രിസ്തുവിന്റെ ഹൃദയം അറിയുന്ന പുരോഹിതർ കാലത്തിന്റെ ആവശ്യം



ഡീക്കൻ, സബ്ഡീക്കൻ, കാറോയ പട്ടങ്ങൾ സ്വീകരിച്ച വൈദിക വിദ്യാർഥികൾ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനോടും മറ്റു വൈദികരോടുമൊപ്പം

**താമരശ്ശേരി** ● ക്രിസ്തുവിന്റെ ഹൃദയം അറിയുന്ന പുരോഹിതർ ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. താമരശ്ശേരി കത്തീഡ്രലിൽ ഡീക്കൻ, സബ്ഡീക്കൻ, കാറോയ പട്ടങ്ങൾ നൽകുന്ന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിക്കുകയായിരുന്നു ബിഷപ്.

ഫിലിപ്സ് തൂനാട്ട് (കൂരാച്ചുണ്ട്), ആന്റണി പൂവത്തോലിൽ (പനംപ്ലാവ്), മാത്യു കല്ലേരിത്താഴത്ത് (കൂടരഞ്ഞി), ഇമ്മാനുവേൽ കണ്ടച്ചാലിൽ (പൊയിലോംചാൽ) എന്നീ സെമിനാരി വിദ്യാർഥികളാണ് ഡീക്കൻ പട്ടം സ്വീകരിച്ചത്. ജോസഫ് തെങ്ങുപള്ളിൽ (ചക്കിട്ടപാറ), ജോസഫ് കിളിയമ്പ്രയിൽ (കുണ്ടുതോട്), തോമസ് കടക്കേലിൽ (റിപ്പൺ–മാനന്തവാടി) എന്നിവർക്ക് സബ് ഡീക്കൻ പട്ടം ലഭിച്ചു. തോമസ് ഇലവനാൽ (പാറോപ്പടി), ജോസഫ് മണിയമ്പ്രായിൽ (കോനൂർകണ്ടി), ജോൺ പ്ലാംപറമ്പിൽ (മാലാപറമ്പ്) എന്നിവർക്ക് കാറോയ പട്ടം നൽകി.

## നേട്ടം



● സിബിഎസ്‌സി പത്താംക്ലാസ് പരീക്ഷയിൽ 500–ൽ 500 മാർക്കും നേടി നാഷണൽ ടോപ്പറായ ഡാനിയേൽ ജേക്കബ് ബാസ്റ്റിൻ. പാറോപ്പടി ഇടവകാംഗം. ചെറുകാട്ട് പരേതനായ ബാസ്റ്റിൻ ജേക്കബിന്റെയും ആൻ മേരിയുടെയും മകനാണ്.

## ASPCT പരീക്ഷ; ഡോ. മിനി ജോസഫിന് ഒന്നാം റാങ്ക്



ഡോ. മിനി ജോസഫ് തടത്തിൽ



ലിസമ്മ സെബാസ്റ്റ്യൻ അതിരകുളങ്ങര



ബീന നെലുകുംപാറ

**താമരശ്ശേരി** ● രൂപതയിലെ മതാധ്യാപകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഈ വർഷത്തെ ASPCT പരീക്ഷയിലെ വിജയികളെ പ്രഖ്യാപിച്ചു. ഡോ. മിനി ജോസഫ് തടത്തിൽ (കുന്നമംഗലം) ഒന്നാം റാങ്ക് കരസ്ഥമാക്കി. ലിസമ്മ സെബാസ്റ്റ്യൻ അതിരകുളങ്ങര (പന്തല്ലൂർ), ബീന നെലുകുംപാറ (പയ്യനാട്) എന്നിവർ യഥാക്രമം രണ്ടും മൂന്നും റാങ്കുകൾ നേടി.

സീറോ മലബാർ മതബോധന കമ്മീഷൻ പുറത്തിറക്കിയ 'നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം: ഒരു പഠനം' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയായിരുന്നു ഈ വർഷത്തെ പഠനവും പരീക്ഷയും ക്രമീകരിച്ചത്. ആദ്യ റൗണ്ട് മത്സരങ്ങൾ ഇടവകാതലത്തിൽ സംഘടിപ്പിച്ചു. തുടർന്ന്, ഓരോ ഇടവകയിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ അധ്യാപകരെ ഉൾപ്പെടുത്തി രൂപതാതലത്തിൽ രണ്ടാം റൗണ്ട് മത്സരം ഓൺലൈനായി സംഘടിപ്പിച്ചു. ഫൈനൽ മത്സരത്തിൽ ഏകദേശം 220–ഓളം മതാധ്യാപകരാണ് പങ്കെടുത്തത്. ഓൺലൈൻ പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് രൂപതാ തലത്തിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ കരസ്ഥമാക്കിയ എല്ലാ മതാധ്യാപകർക്കും രൂപതാ മതബോധന കേന്ദ്രം പ്രത്യേക അഭിനന്ദനങ്ങൾ അറിയിച്ചു.

സ്വർഗ്ഗവാസത്തിന്റെ
13-ാം വർഷം (17–06–2026)



മേരി ജോൺ ആരനോലിക്കൽ
കുണ്ടായിത്തോട്, കോഴിക്കോട്
പ്രാർത്ഥനകളോടെ ഭർത്താവ് എ.ജെ. ജോൺ,
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

വേർപാടിന്റെ 2 വർഷങ്ങൾ
(23-05-2026)



തെയ്യാമ്മ വട്ടക്കുന്നേൽ
വിലങ്ങാട്, മഞ്ഞക്കുന്ന് (പാനോം)
സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

# ദൈവാനുഗ്രഹത്തിന്റെ 40 വർഷങ്ങൾ



### രൂപത സാമൂഹികപ്രതിബദ്ധതയുടെ പാഠപുസ്തകം

വിലങ്ങാട് ഉരുൾപൊട്ടലിനെത്തുടർന്ന് സർക്കാരോ മറ്റ് ഏജൻസികളോ ചെയ്തതിനേക്കാൾ മികച്ച പുനരധിവാസ പ്രവർത്തനങ്ങളാണ് താമരശ്ശേരി രൂപത നടത്തിയത്. കൂട്ടായ്മയുടെ ഉരുക്കുകോട്ടയാണ് താമരശ്ശേരി രൂപത. കർഷകർക്കും പാവങ്ങൾക്കും വേണ്ടി രൂപത ചെയ്യുന്ന സാമൂഹികപ്രതിബദ്ധതയുടെ മാതൃകകൾ പാഠപുസ്തകമാക്കേണ്ടതാണ്. സാമ്പത്തികവും സാഹചര്യങ്ങളും പരിമിതമായിരുന്നിട്ടും മിഷൻ പ്രവർത്തനങ്ങളിൽ രൂപത കാണിക്കുന്ന തീക്ഷ്ണതയും കുട്ടികളെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ നൽകുന്ന പരിശീലനവും മറ്റ് രൂപതകൾക്ക് വലിയ മാതൃകയാണ്

● **മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ**



### ആദ്ധ്യാത്മികമുള്ള ദൈവജനവും കരുത്തുറ്റ വൈദിക കൂട്ടായ്മയും

കുടിയേറ്റത്തിന്റെ നൂറാം വർഷത്തിലാണ് താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷിക്കുന്നത് എന്നത് ഏറെ അഭിമാനകരമാണ്. സഹനത്തിലൂടെയുള്ള വളർച്ചയെ സൂചിപ്പിക്കുന്നതാണ് ചുവന്ന ജൂബിലി അഥവാ റൂബി ജൂബിലി. ആദ്ധ്യാത്മികമുള്ള ദൈവജനവും വൈദികരുടെ കൂട്ടായ്മയും സമർത്ഥരായ പിതാക്കന്മാരുടെ നേതൃത്വവുമാണ് കുറഞ്ഞ കാലംകൊണ്ട് അത്ഭുതാവഹമായ നേട്ടങ്ങളുണ്ടാക്കാൻ രൂപതയെ സഹായിച്ചത്. ഏവരെയും ചേർത്തുനിർത്താനും കേരളത്തിന്റെ പൊതുബോധത്തിന് ദിശാബോധം നൽകാനും മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നിലപാടുകൾക്ക് സാധിക്കുന്നു.

● **ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി**



### ദൈവത്താൽ വിളിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് താമരശ്ശേരി രൂപത

ദൈവത്താൽ വിളിക്കപ്പെട്ടവരുടെ വലിയൊരു കൂട്ടായ്മയാണ് താമരശ്ശേരി രൂപത. വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ ഫ്രാൻസീസ് അസീസി എന്നിവരുടെ ജീവിതമാതൃകകൾ ഉൾക്കൊണ്ടാണ് രൂപത മുന്നോട്ട് പോകുന്നത്. ആത്മീയതയുടെയും സ്നേഹത്തിന്റെയും സൗന്ദര്യം ഓരോ പ്രവർത്തനങ്ങളിലും ദർശിക്കാൻ സാധിക്കും. രൂപതയുടെ ഏറ്റവും വലിയ ശക്തി അജപാലകരും വിശ്വാസികളും തമ്മിലുള്ള ഐക്യവും കൂട്ടായ്മയുമാണ്. ഈ കൂട്ടായ്മയും വിശ്വാസതീക്ഷ്ണതയും വരും കാലങ്ങളിലും കൂടുതൽ ശോഭയോടെ നിലനിൽക്കട്ടെ

● **ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ**



### ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയോടെ

ഒരു നൂറ്റാണ്ട് പിന്നിട്ട കുടിയേറ്റ ജനതയുടെ സഹനത്തിന്റെയും വേദനയുടെയും സമൃദ്ധിയുടെയും കഥ പങ്കുവയ്ക്കുമ്പോൾ അഭിമാനവും സന്തോഷവും തോന്നുന്നു. ദൈവം നൽകിയ അനുഗ്രഹങ്ങൾക്കും കൃപകൾക്കും നന്ദി പറയുകയാണ്. മൂന്നു വർഷം നീണ്ടു നിന്ന നിരവധി പ്രവർത്തനങ്ങളോടെയാണ് റൂബി ജൂബിലി നാം ആഘോഷിച്ചത്. സമർപ്പണം ചെയ്ത വൈദികരുടെയും സന്യസ്തരുടെയും ശക്തമായ കൂട്ടായ്മ താമരശ്ശേരി രൂപതയ്ക്കുണ്ട്. ശക്തരായ ധാരാളം അൽമായ പ്രേഷിതർ രൂപതയിൽ നിന്ന് ഉയർന്നു വന്നുവെന്നത് അഭിമാനകരമാണ്.

● **ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ജൂബിലി സമ്മാനം: ഹാലോ ടിവി, കുടിയേറ്റ മ്യൂസിയം, രൂപതാ ഭൂപടം, കരുണാഭവൻ കെട്ടിടം

**താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി സമാപന സമ്മേളന വേദി വരുംകാലത്തേക്കുള്ള സുപ്രധാന പദ്ധതികളുടെ പ്രഖ്യാപനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ആത്മീയ വളർച്ചയ്ക്കൊപ്പം തന്നെ സാങ്കേതിക മുന്നേറ്റങ്ങളും സാമൂഹിക പ്രതിബദ്ധതയും വിളിച്ചോതുന്ന പദ്ധതികളാണ് മഹാസമ്മേളനത്തിൽ അവതരിപ്പിച്ചത്.**



കുടിയേറ്റ ചരിത്ര മ്യൂസിയം കൺവെൻഷൻ സെന്റർ പ്രോജക്ട് ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അനാവരണം ചെയ്യുന്നു



താമരശ്ശേരി രൂപതയുടെ പുതിയ ഭൂപടം മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം പ്രകാശനം ചെയ്യുന്നു



'രൂപതാ ഡിജിറ്റലൈസേഷൻ' പ്രഖ്യാപനം കണ്ണൂർ ബിഷപ് റവ. ഡോ. അലക്സ് വടക്കുംതല നിർവഹിക്കുന്നു



'കരുണാഭവൻ' പുതിയ ബ്ലോക്ക് പ്രൊജക്ട് ഉദ്ഘാടനം കല്യാൺ രൂപത ബിഷപ്പ് എമിരറ്റസ് മാർ തോമസ് ഇലവനാൽ നിർവഹിക്കുന്നു.

## ഹാലോ ടിവിക്ക് തുടക്കം



**പുതിയ ചുവടുവയ്പ്:** രൂപതയുടെ ആശയവിനിമയ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്ന വിഷൽ മീഡിയ ലോഞ്ചിങ് കണ്ണൂർ രൂപത സഹായമെത്രാൻ റവ. ഡോ. ഡെന്നീസ് കുറുപ്പശ്ശേരി നിർവഹിച്ചു. രൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനൽ ഹാലോ ടിവി, മലബാർ വിഷൻ യുട്യൂബ് ചാനൽ എന്നിവയ്ക്കും തുടക്കമായി.

## ആശംസകൾ നേർന്ന്...



മോൺ. അബ്രഹാം വയലിൽ



ഫാ. ജോൺ ഒറവുങ്കര



സിസ്റ്റർ ഏൽസി എംഎസ്എംഐ



ബെന്നി ലൂക്കോസ്

ഹാലോ ടിവി ലോഗോ

വേവ്സ് മീഡിയയുടെ നവീകരിച്ച ലോഗോ



രൂപതാ ഡയറക്ടറിയുടെ പ്രകാശനം മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം നിർവഹിക്കുന്നു

റൂബി ജൂബിലി സമാപന ദിന സമ്മേളനം കാണുവാനായി QR കോഡ് സ്കാൻ ചെയ്യൂ.



**കൃതജ്ഞതയോടെ:** റൂബി ജൂബിലി സമാപനത്തിൽ നടന്ന കൃതജ്ഞതാ ദിവ്യബലിയിൽ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിക്കുന്നു. സഹകാർമികരായ മാർ അലക്സ് താരാമംഗലം, മാർ തോമസ് ഇലവനാൽ, ഡോ. അലക്സ് വടക്കുംതല, മാർ ജോസ് പൊരുന്നേടം, ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ജോസഫ് മാർ തോമസ്, ഡോ. ഡെന്നീസ് കുറുപ്പശ്ശേരി എന്നിവർ സമീപം



**സപ്തതി ആശംസകൾ:** സപ്തതി ആഘോഷിക്കുന്ന മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന് താമരശ്ശേരി രൂപതയുടെ ആശംസകൾ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നേരുന്നു



**രൂപതയുടെ ആദരം:** കോഴിക്കോട് അതിരൂപതയുടെ ആർച്ച് ബിഷപ്പായി നിയമിതനായ ഡോ. വർഗീസ് ചക്കാലക്കലിനെ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പൊന്നാടയണിയിച്ച് ആദരിക്കുന്നു



സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പ്രസംഗിക്കുന്നു

## പ്രതിഭകൾക്ക് രൂപതയുടെ ആദരം






വിദ്യാഭ്യാസ രംഗത്തെ സമർപ്പണത്തിന് ജോജി പോൾ (കരുവാരകുണ്ട്), കായിക രംഗത്തെ മികച്ച സംഭാവനകൾക്ക് കെ. എം. പീറ്റർ (ചക്കിട്ടപ്പാറ), കായികരംഗത്തെ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് അൽക്ക ഷിനോജ് (കൂരാച്ചുണ്ട്), സാഹിത്യരംഗത്തെ മികവിന് യുവപ്രതിഭ ഡാനിൽ മാത്യു ജോസ് (അശോകപുരം) എന്നിവർ രൂപതയുടെ പ്രത്യേക ആദരവ് ഏറ്റുവാങ്ങി.



താമരശ്ശേരി രൂപതയുടെ കഴിഞ്ഞ 40 വർഷത്തിന്റെ ചരിത്രം അനുസ്മരിച്ച് രൂപതാ ക്വയർ റൂബി ജൂബിലി അനുസ്മരണ ഗാനം ആലപിക്കുന്നു. ഗാനരചന, സംഗീതം & ഓർക്കസ്ട്രേഷൻ: ഫാ. മെൽവിൻ വെള്ളയ്ക്കാകുടിയിൽ, ടീം കോ - ഓർഡിനേറ്റേഴ്സ്: ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ഫാ. ജിയോ സണ്ണി കടുകൻമാക്കൽ, കണ്ടക്ഷൻ: ഫാ. ജിയോ പുതുശ്ശേരിപുത്തൻപുര, ഗാന സംവിധാനം: എം. എ. ലിസി പൈനാടത്ത്, ഡയാന തോമസ് കെ. പാറയ്ക്കൽ, കീ ബോർഡ് & പിയാനോ: ഫാ. നിർമ്മൽ ജോസ് പുലയംപറമ്പിൽ, ജിയോ കുര്യൻ കൊക്കോപ്പുഴ



താമരശ്ശേരി അൽഫോൻസ സീനിയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച പ്രാർത്ഥനാ നൃത്തം



കോഴിക്കോട് പ്രസന്റേഷൻ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾ അവതരിപ്പിച്ച മാർഗ്ഗംകളി

**മലബാർ വിഷൻ ഓൺലൈൻ കമ്യൂണിറ്റിയിൽ അംഗമാകാൻ QR കോഡ് സ്കാൻ ചെയ്യൂ**

# ഭക്തിസാന്ദ്രം കുളത്തുവയൽ തീർത്ഥാടനം

**കുളത്തുവയൽ** ● യുദ്ധങ്ങളും സംഘർഷങ്ങളും കലുഷിതമാകുമ്പോൾ ലോകമെങ്ങും സമാധാനം പുലരണമേയെന്ന പ്രാർത്ഥനയോടെ നാൽപതാം വെള്ളിയോടനുബന്ധിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ താമരശ്ശേരി രൂപത സംഘടിപ്പിച്ച ഒമ്പതാമത് കുളത്തുവയൽ തീർത്ഥാടനത്തിൽ ആയിരങ്ങൾ പങ്കുചേർന്നു.

രാത്രി പത്തോടെ തീർത്ഥാടനത്തിനായി താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ എത്തിച്ചേർന്ന തീർത്ഥാടക സംഘത്തിന് വികാരി ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ സ്വാഗതം ആശംസിച്ചു. പ്രാരംഭ പ്രാർത്ഥനകൾക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നേതൃത്വം നൽകി.

തുടർന്ന് 10.30-ന് കത്തീഡ്രലിൽ നിന്ന് തീർത്ഥാടനം ആരംഭിച്ചു. കോരങ്ങാട് അൽഫോൻസ സ്കൂൾ, കട്ടിപ്പാറ, തലയാട്, കല്ലാനോട്, കൂരാച്ചുണ്ട് എന്നിവിടങ്ങളിലൂടെ 35 കിലോമീറ്റർ കാൽനടയായി തീർത്ഥാടക സംഘം കുളത്തുവയലിൽ എത്തിച്ചേർന്നു.

മരുതോങ്കരയിൽ നിന്ന് കുളത്തുവയലിലേക്ക് ആരംഭിച്ച തീർത്ഥാടനത്തിന് മരുതോങ്കര ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ നേതൃത്വം നൽകി. പശുക്കടവ്, ചെമ്പനോട, പൂഴിത്തോട്, കുണ്ടുതോട്, മുതുകാട്, പെരുവണ്ണാമൂഴി, പടത്തുകടവ്, ചക്കിട്ടപാറ ഇടവകകൾ പങ്കുചേർന്നു. രാവിലെ എട്ടിന് കുളത്തുവയലിൽ എത്തിച്ചേർന്ന തീർത്ഥാടക സംഘത്തെ തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ. തോമസ് കളരിക്കൽ സ്വാഗതം ചെയ്തു.




നാൽപതാം വെള്ളിയോടനുബന്ധിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടത്തിയ ഒമ്പതാമത് കുളത്തുവയൽ തീർത്ഥാടനം

കുളത്തുവയൽ തീർത്ഥാടനം കുരിശിലെ കൃപയുടെ സമ്പന്നത അനുഭവിക്കുവാനുള്ള പരിശ്രമമാണെന്നും ലോകസമാധാനത്തിനായി പ്രാർത്ഥിക്കണമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

അൽഫോൻസ മൈനർ സെമിനാരി റെക്ടർ ഫാ. കുര്യൻ താന്നിക്കൽ സന്ദേശം നൽകി. കുളത്തുവയൽ തീർത്ഥാടനം വിശ്വാസ പ്രഘോഷണമാണെന്നും പൂർവപിതാക്കന്മാർ നടന്ന വഴിയിലൂടെ കുടിയേറ്റ ശതാബ്ദി വർഷത്തിൽ കുരിശിന്റെ വഴിചൊല്ലി നടക്കാൻ കഴിഞ്ഞത് അനുഗ്രഹപ്രദമാണെന്നും ഫാ കുര്യൻ താന്നിക്കൽ പറഞ്ഞു.

“ക്രിസ്തു സ്നേഹത്തിന്റെ വിപ്ലവകാരിയാണ്. പിതാവായ ദൈവത്തിന്റെ സ്നേഹം അതിന്റെ പൂർണതയിൽ മനുഷ്യകുലത്തിന് പങ്കുവച്ചു നൽകാനാണ് അവിടുന്ന് മനുഷ്യാവതാരം ചെയ്തത്. വേദനയിലൂടെയും സഹനത്തിലൂടെയും കടന്നു പോകുമ്പോഴാണ് രക്ഷ കൈവരുന്നതെന്ന് ക്രിസ്തു തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ചു. സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാൻ നമുക്ക് സാധിക്കണം. താങ്ങാൻ കഴിയുന്ന സഹനങ്ങൾ മാത്രമേ ദൈവം നമുക്ക് നൽകുകയുള്ളു എന്ന് തിരിച്ചറിയണം. ചെറിയ മുറിവുകൾ തന്ന് വലിയ സൗഖ്യം തരുന്നവനാണ് കർത്താവ്. സഹന സമയങ്ങളിൽ ദൈവം നമ്മോടു കൂടെയുണ്ടെന്ന് തിരിച്ചറിയണം.” – അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്നു നടന്ന ദിവ്യബലിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ എന്നിവർ സഹകാർമ്മികരായി.

നിരവധി വൈദികരും സന്യസ്തരും അൽമായരും തീർത്ഥാടനത്തിൽ പങ്കുചേർന്നു.

---

ജയിലിലെ പെസഹാ ആചരണം

## തടവുകാരുടെ പാദങ്ങൾ കഴുകി ബിഷപ്

**തവനൂർ** ● കഷ്ടപ്പാടുകളുടെയും വേദനകളുടെയും മരുഭൂമി അനുഭവങ്ങളിൽ പഴയ നിയമ ജനതയെ വഴിനയിച്ച ദൈവം ഇന്നും നമുക്കൊപ്പമുണ്ടെന്നും, പ്രതിസന്ധികളിൽ പ്രത്യാശ കൈവിടരുതെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. പെസഹാ ആചരണത്തിന്റെ ഭാഗമായി തവനൂർ സെൻട്രൽ ജയിലിൽ തടവുകാരുടെ പാദങ്ങൾ കഴുകി ശുശ്രൂഷ നിർവഹിച്ച ശേഷം സന്ദേശം നൽകുകയായിരുന്നു ബിഷപ്.

‘എനിക്കു വേണ്ടി എല്ലാം നിർവഹിക്കുന്ന അത്യുന്നതനായ ദൈവത്തെ, ഞാൻ വിളിച്ചപേക്ഷിക്കുന്നു’ എന്ന 57-ാംസങ്കീർത്തനം ഉരുവിട്ട് പ്രാർത്ഥിക്കണമെന്ന് അദ്ദേഹം തടവുകാരെ ഓർമിപ്പിച്ചു. ജയിലിലെ 12 തടവുകാരുടെ പാദങ്ങൾ കഴുകിയ ബിഷപ്, തുടർന്ന് ദിവ്യബലിയർപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സിസ്റ്റർ ഫിലോ കുഴിക്കാട്ട് എസ്എബിഎസ്, സിസ്റ്റർ ഫോൺസി എസ്എബിഎസ് എന്നിവർ നേതൃത്വം നൽകി.

# കൂട്ടായ്മയുടെ ശക്തി; സഭയുടെ കരുത്ത്

**താമരശ്ശേരി** ● സ്നേഹത്തിലേക്കുള്ള വിളിയിലൂടെയാണ് സഭ ഒരുമയുടെ കൂട്ടായ്മയിലേക്ക് വളരുന്നതെന്നും, ആ കൂട്ടായ്മയിലാണ് ദൈവം കൃപയും അനുഗ്രഹവും ചൊരിയുന്നതെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. പൗരോഹിത്യ വിളി ഒന്നാണെങ്കിലും ഐക്യത്തിലാണ് ദൈവാനുഗ്രഹം കുടികൊള്ളുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. രൂപതാ വൈദികരുടെ പൊതുമാസധ്യാനത്തിനും വിശുദ്ധ മൂറോൻ വെഞ്ചരിപ്പിനും ശേഷം താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ അർപ്പിച്ച ദിവ്യബലിയിൽ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

രൂപതയിലെ വൈദികരുടെ സാന്നിധ്യത്തിൽ മെത്രാൻ നിർവ്വഹിക്കുന്ന വിശുദ്ധ മൂറോൻ വെഞ്ചരിപ്പ് സഭയുടെ വലിയൊരു പ്രഖ്യാപനവും ഉത്തരവാദിത്തവുമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ സജീവമായ ഇടപെടലിലൂടെയാണ് അഭിഷേക തൈലം നമ്മെ വിശുദ്ധീകരിക്കുന്നത്. സ്നേഹവും കൂട്ടായ്മയുമാണ് സഭയുടെ യഥാർത്ഥ



രൂപതാ വൈദികരുടെ പൊതുമാസധ്യാനത്തിനും വിശുദ്ധ മൂറോൻ വെഞ്ചരിപ്പിനും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിക്കുന്നു

ശക്തിയെന്നും ബിഷപ് കൂട്ടിച്ചേർത്തു.

താമരശ്ശേരി രൂപത റൂബി ജൂബിലിയുടെ നിറവിൽ നിൽക്കുമ്പോൾ, കഴിഞ്ഞ നാല്പതു വർഷം നമ്മെ നയിച്ചത് ദൈവത്തോടുള്ള ചേർന്നുനിൽപ്പാണെന്നും ദൈവജനം ഒരൊറ്റ കുടുംബമായി ഒരുമയോടെ നിന്നപ്പോഴാണ് രൂപതയ്ക്ക് വലിയ വളർച്ച നേടാനായതെന്നും ബിഷപ് അനുസ്മരിച്ചു. ദിവ്യബലിയിൽ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. ജെയിംസ് കിളിയനാനി എന്നിവർ സഹകാർമികരായി.

---


## ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഡെനില ബേബി- ചെമ്പനോട


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല, എന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു (നിയോഗം സമർപ്പിക്കുക)
ഉദ്ദിഷ്ടകാര്യസാധ്യത്തിനായി 9 ദിവസം
9 പ്രാവശ്യം വീതം ചൊല്ലുക

**സ്നേഹ കൂരാച്ചുണ്ട്**

QR കോഡ് സ്കാൻ ചെയ്യൂ
ഹാലോ ടിവി സബ്സ്ക്രൈബ് ചെയ്യൂ.


START towards excellence
START
— KOZHIKODE —
IGNITING YOUNG MINDS, SHAPING BRIGHT FUTURES
Your Future Starts Here...
ADMISSIONS OPEN
RESIDENTIAL PLUS TWO
SCIENCE
COMMERCE
ALL INDIA LEVEL ENTRANCE COACHING
for Top Professional Courses
JEE (Main & Advanced)
NEET (UG)
CUET
CA Foundation
and more...
AI & PYTHON LEARNING
BUILD SKILLS. SHAPE TOMORROW.
Future Ready Skills
Hands-on Learning
Real World Applications
Expert Guidance
PREMIUM RESIDENTIAL FACILITY
EXPERIENCED FACULTY & MENTORING
FOCUSED STUDY ENVIRONMENT
SPORTS & EXTRA CURRICULAR ACTIVITIES
VALUE BASED HOLISTIC FORMATION
Dream Big. Work Hard. Achieve Greatness.
ENROLL NOW!
LIMITED SEATS ONLY
START ST. THOMAS ACADEMY FOR RESEARCH AND TRAINING
Nethaji Nagar, Kotooli P.O., Kozhikode
(DIOCESE OF THAMARASSERY)
email: office@startindia.org, startcalicut202@gmail.com, www.startindia.org
ADMISSION STARTED 0495-2357843, 9037107843, 9744458111

